# ക്രിസ്ത്യൻ വേൾഡ്

Christian world

ക്രൈസ്തവ മാധ്യമം

2017 ഡിസംബർ 1 | വാല്യം 12 | ലക്കം 12 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2015-2017 | പേജ് 8


# ഐപിസി മലബാർ മേഖല കൺവൻഷനു സമാപ്തി

* മലബാറിലെ എല്ലാ കുടുംബങ്ങളിലും കുടുംബ പ്രാർത്ഥനയ്ക്ക് പ്രാധാന്യം നല്കണമെന്ന് ആഹ്വാനം
* മലബാറിൽ 100 സ്ഥലങ്ങളിൽ പുതിയ പ്രവർത്തനത്തിനു പദ്ധതി
* മലബാറിലെ 12 സുവിശേഷകർക്ക് ഇരുചക്രവാഹനം

**നിലമ്പൂർ:** ഇരുളിന്റെ ശക്തികൾക്കെതിരെ നമ്മുടെ മക്കളെ നന്മയിലേക്ക് നയിക്കാൻ വിശ്വാസികൾ ജാഗരൂഗരാകണമെന്ന ആഹ്വാനത്തോടെ ഐ..പി.സി മലബാർ മേഖല കൺവൻഷനു സമാപ്തി.

മലബാറിലെ എല്ലാ വിശ്വാസി കുടുംബങ്ങളിലും രാവിലേയും വൈകിട്ടും കുടുംബ പ്രാർത്ഥന നിർബന്ധമാക്കണമെന്നും ദൈവവചന പഠനത്തിന് കുടുംബങ്ങളിൽ പ്രാധാന്യം നല്കണമെന്നും കൺവൻഷൻ ആഹ്വാനം ചെയ്തു.

പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്ന കൺവൻഷൻ നവംബർ 15ന് മേഖലാ രക്ഷാധികാരി പാസ്റ്റർ വി.ജെ ജോർജ് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് അദ്ധ്യക്ഷനായിരുന്നു.

പാസ്റ്റർമാരായ ഷിബു നെടുവേലിൽ, കെ.എം ജോർജ്, വിൽസൺ ജോസഫ്, രാജു പൂവക്കാല, അനീഷ് കാവാലം, ശമുവേൽ ജോൺ, സ്റ്റാൻലി ഡാനിയേൽ, ഫിലിപ്പ് പി. തോമസ്, വർഗീസ് ഏബഹാം എന്നിവർ പ്രസംഗിച്ചു.

സോദരിമാരുടെ സമ്മേളനത്തിൽ പാസ്റ്റർ തോമസ് തോമസ് അദ്ധ്യക്ഷനായിരുന്നു. സിസ്റ്റർ സൂസൻ തോമസ് പ്രസംഗിച്ചു. സണ്ടേസ്ക്കൂൾ യുവജന സമ്മേളനത്തിൽ പിവൈപിഎ മേഖല പ്രസിഡണ്ട് സാം കൊണ്ടാഴി അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ വി.പി. ഫിലിപ്പ് പ്രസംഗിച്ചു.

മേഖലാ സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ്, പാസ്റ്റർമാരായ മാത്യു തോമസ്, കെ.സി. ഉമ്മൻ, സാം ഡാനിയേൽ, സന്തോഷ് മാത്യു, മോനി ചെന്നിത്തല എന്നിവർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷന്മാരായിരുന്നു.

പാസ്റ്റർമാരായ ജിമ്മി കുര്യാക്കോസ്, ജോസ് വർഗീസ്, വി.ടി. അന്ത്രയോസ്, ഷിബു ഫിലിപ്പ്, എം.ജെ. മത്തായി, ജോർജ് എൻ. ഏബ്രഹാം, ജയിംസ് അലക്സാണ്ടർ, ചാക്കോ ദേവസ്യാ, കെ.സി. സക്കറിയ, സാബു മത്തായി, ബാബു മഞ്ചേരി തുടങ്ങിയവർ പകൽ യോഗങ്ങളിൽ പ്രസംഗിച്ചു.

നവംബർ 19 ന് ഞായാഴ്ച സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടന്നു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ മലബാറിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം പാസ്റ്റർ ജോൺ ജോർജ് നിർവ്വഹിച്ചു.

വാഹനമില്ലാത്ത 12 സുവിശേഷ പ്രവർത്തകർക്ക് ബൈക്ക് നല്കുന്നതിന്റെ ആദ്യഘട്ടം തെരെഞ്ഞെടുക്കപ്പെട്ട അഞ്ച് സുവിശേഷ പ്രവർത്തകർക്കുള്ള ബൈക്ക് വിതരണവും നടന്നു. മലബാറിലെ 100 സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 15 പുതിയ പ്രവർത്തകർക്കു മാസം തോറുമുള്ള സഹായ വിതരണോദ്ഘാടനവും നടന്നു. പാസ്റ്റർ മാത്യൂസ് ചാക്കോ, സിനോജ് ജോർജ്, കെ.എസ്.യു നേതാവ് വി.എസ് ജോയി, ടോണി ഡി ചെവ്വൂക്കാരൻ എന്നിവർ ആശംസളറിയിച്ചു.

ശാലേം വോയ്സ് പത്തനാപുരം ഗാനശുശ്രൂഷയ്ക്ക് നേതൃത്യം നല്കി.

കൺവൻഷൻ ഭാരവാഹികളായ പാസ്റ്റർ ജെയിംസ് ഏബ്രഹാം, ജോർജ് തോമസ് വടക്കുഞ്ചേരി, ജയിംസ് വർക്കി നിലമ്പൂർ, സജി മത്തായി കാതേട്ട്, പാസ്റ്റർ ബിജു വർഗീസ് തുടങ്ങിയവർ നേതൃത്യം നല്കി.



## ശലോമോൻ രാജാവ് മരുഭൂമിയിൽ നിർമിച്ച കോട്ടവാതിലുകളുടെ അവശിഷ്ടം കണ്ടെത്തി

**യരൂശലേം:** ബൈബിളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ശലോമോൻ രാജാവ് മരുഭൂമിയിൽ നിർമിച്ച കോട്ടവാതിലിന്റെ അവശിഷ്ടങ്ങൾ ഗവേഷകർ കണ്ടെടുത്തു.

വടക്കൻ യിസ്രായേലിലെ താമറിലെ പ്രസിദ്ധമായ താമർ പാർക്കിൽ നടത്തിയ ഉത്ഖനനത്തിലാണ് കോട്ടയുടെ തകർന്ന അവശിഷ്ടങ്ങൾ കണ്ടെത്തിയത്. പഴയനിയമത്തിൽ ശലോമോൻ രാജാവ് മരുഭൂമിയിൽ കോട്ടക്കൊത്തളങ്ങൾ പണികഴിപ്പിച്ചതായി പ്രസ്താവിക്കുന്നുണ്ട്. "അങ്ങനെ ശലോമോൻ ഗേസെരും താഴത്തെ ബേത്ത് ഹോരോനും ബാലാത്തും ദേശത്തിലെ മരുഭൂമിയിലുള്ള തദ്മോരും ശലോമോനുണ്ടായിരുന്ന സകല സംഭാരനഗരങ്ങളും രഥനഗരങ്ങളും കുതിരച്ചേവകർക്കുള്ള പട്ടണങ്ങളും, ശലോമോൻ യെരൂശലേമിലും ലെബാനോനിലും തന്റെ രാജ്യത്ത് എല്ലായിടത്തും പണിയുവാൻ ആഗ്രഹിച്ചതൊക്കെയും പണിതു" (1 രാജാ. 9: 17–19) എന്നു വായിക്കുന്നു.

മണ്ണു മൂടിക്കിടന്ന സ്ഥലത്ത് കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും ആരാധനയ്ക്കുള്ള പ്രത്യേക സ്ഥലവും ഉണ്ടായിരുന്നതിനു തെളിവുണ്ടെന്ന് ഗവേഷണത്തിനു നേതൃത്വം നൽകിയ ഡോ. എറിക്സൺ ഗിനി അഭിപ്രായപ്പെ

(ശേഷം പേജ് 7)



കനത്തനാശം വിതച്ച് 'ഓഖി' ചുഴലിക്കാറ്റ് ഭീതി പരത്തി മുന്നേറുന്നു. കേരളതീരത്തും ലക്ഷദ്വീപിലും വീശിയടിച്ച ചുഴലിക്കാറ്റിൽപ്പെട്ട് ഉണ്ടായ അപകടംമൂലം പലരും മരിച്ചു. പ്രകൃതിയെ നിയന്ത്രിക്കുന്നത് സൃഷ്ടിതാവായ ദൈവമാണ്. ശാന്തതയ്ക്കായി നമുക്കു ദൈവത്തോടു പ്രാർഥിക്കാം.

# ഐപിസി സംസ്ഥാന കൺവൻഷൻ കോട്ടയത്ത്

### ഡിസംബർ 5 മുതൽ 10 വരെ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ
### പാസ്റ്റർ രവി മണിയും റവ. അനിസൻ സാമുവേലും മുഖ്യപ്രസംഗകർ

**കോട്ടയം:** ഐപിസി കേരള സ്റ്റേറ്റ് കൺവൻഷൻ ഡിസംബർ 5 ചൊവ്വ വൈകിട്ട് 6.30ന് പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ രവി മണി, റവ. അനിസൻ സാമുവേൽ എന്നിവരാണ് അതിഥി പ്രസംഗകർ. പകൽ നടക്കുന്ന പവ്വർ കോൺഫറൻസിലും ഇവരാണ് മുഖ്യ പ്രസംഗകർ.

പാസ്റ്റർമാരായ ജേക്കബ് ജോൺ, കെ.സി. ജോൺ, രാജു പൂവക്കാല, ഷിബു നെടുവേലിൽ, സി.സി. ഏബ്രഹാം, വിൽസൺ ജോസഫ്, കെ.എം. ജോസഫ്, തോമസ് ഫിലിപ്പ്, സാം ജോർജ്, ഫിലിപ്പ് പി. തോമസ്, ബാബു ചെറിയാൻ, സണ്ണി കുര്യൻ, വർഗീസ് ഏബ്രഹാം, കെ.ജെ. തോമസ്, ബി. മോനച്ചൻ എന്നിവരും പ്രസംഗിക്കും. നവംബർ 5 ബുധനാഴ്ച മുതൽ ശനി വരെ എല്ലാ ദിവസവും പകൽ പവർ കോൺഫറൻസ്, വെള്ളി ഉച്ചകഴിഞ്ഞ് സോദരി സമ്മേളനം, ശനിയാഴ്ച ഉച്ചകഴിഞ്ഞ് പിവൈപിഎ, സണ്ടേസ്കൂൾ സമ്മേളനം, ഐപിസിയിലെ എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും സമ്മേളനം, ഞായറാഴ്ച രാവിലെ 8.30 മുതൽ സംയുക്ത ആരാധനയും കർതൃമേശയും നടക്കും.



*രവി മണി*



*അനിസൻ സാമുവേൽ*

സംസ്ഥാന കൺവൻഷൻ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. ഡോ. ബ്ലസ്സൻ മേമന സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നല്കും.

സംസ്ഥാന ഭാരവാഹികളായ ബ്രദർ ജോയി താനവേലിൽ, മോനി കരിക്കം, സജി പോൾ തുടങ്ങിയവർ നേതൃത്വം നല്കും.

*മീഡിയ ചെയർമാൻ*

ക്രിസ്ത്യൻ വേൾഡ്
1193 വൃശ്ചികം - ധനു



## ആദ്യവിശ്വാസവും സ്നേഹവും എവിടെ?

പരസ്പരം സ്നേഹത്തോടും ഐക്യത്തോടും സാഹോദര്യത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരാണ് കേരളീയർ. മലയാളികളുടെ ഗുണവിശേഷങ്ങൾ ലോകമെങ്ങും പ്രസിദ്ധവുമാണ്. ഇങ്ങനെ ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി വ്യത്യസ്തമാവുകയാണ്. ഇന്ന് ജാതിയുടെയും വർഗത്തിന്റെയും മതത്തിന്റെയും പേരിൽ തമ്മിൽതല്ലുന്ന കാഴ്ചകൾ വളരെയാണ്. നിസ്സാരകാര്യങ്ങളിൽ പോലും പൊറുക്കുവാനോ തെറ്റ് അംഗീകരിക്കാനോ മനസ്സില്ലാതെ വിദ്വേഷം ഉള്ളിൽനിറച്ച് പകയോടെ നോക്കിക്കാണുകയാണ്. പരസ്പരവിശ്വാസം നഷ്ടമാകുന്നതുകൊണ്ടും നിസ്സാരകാര്യങ്ങളിൽ പോലും താഴുവാൻ മനസ്സില്ലാത്തതുകൊണ്ടും പണത്തിന്റെ പ്രൗഢി കാണിക്കേണ്ടതുകൊണ്ടും കോടതികളിൽ കയറിയിറങ്ങി പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു കൂട്ടർ മിനക്കെടുകയാണ്.

പെന്തെക്കോസ്തുവിശ്വാസികളിലും ഇതിന്റെ അലയടി കാണാം. വ്യക്തികൾ കോടതി കയറിയിറങ്ങുന്നത് സ്വഭാവികമായിക്കഴിഞ്ഞു. സഭാരാഷ്ട്രീയത്തിലും വസ്തുക്കച്ചവടത്തിലും അനധികൃത സ്വത്തുസമ്പാദനത്തിലും മറ്റ് അധാർമിക പ്രവർത്തനങ്ങളിലുംപെട്ട് നല്ല സാക്ഷ്യം നഷ്ടമാക്കുന്നു. സ്വന്തം സുഖസുഷുപ്തിയ്ക്ക് വേണ്ടി മറ്റുള്ളവരെ ബലിയാടാക്കാനും മടിക്കാത്ത കാഴ്ചപ്പാടു നഷ്ടപ്പെട്ട നേതൃത്വങ്ങൾ കണ്ണുതുറക്കണം.

ന്യായപാലകനായി യേശു ഉള്ളപ്പോൾ പ്രശ്നം കർത്താവിങ്കൽ ഭരമേല്പിച്ചിരുന്ന കാലം അന്യമാകുന്നു. പ്രാർഥനയിലൂടെ കാര്യം സാധിച്ച കാലവും ഇല്ലാതാകുന്നു. “അവൻ എനിക്കുവേണ്ടി യുദ്ധംചെയ്യും” എന്നുപറഞ്ഞ് ദൈവത്തിങ്കൽ കാര്യങ്ങളെ ഭരമേല്പിച്ച നല്ലകാലം ഇല്ലാതാകുന്നു. ദൈവാശ്രയബോധം ഇല്ലാതാകുന്നതാണ് ഇതിനെല്ലാം കാരണം. ദൈവത്തിലും സഹവിശ്വാസികളിലും വിശ്വാസമില്ലാത്ത കപടവിശ്വാസികളായി മാറിയിരിക്കുന്നു പലരും.

ഒരു സ്വയശോധനയ്ക്കു വിധേയമാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നാമെല്ലാം രക്ഷിക്കപ്പെട്ടു. അതുകൊണ്ട് സ്വർഗത്തിനവകാശികൾ ആണ് എന്ന മിഥ്യാധാരണയുമായി മുന്നോട്ടുപോകാതെ മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണുവാനുള്ള മനസിനുടമകളാകുവാനും ക്രിസ്തു കാണിച്ചു തന്ന മാതൃക പിൻപറ്റാനും നമുക്കു ശ്രമിക്കാം. ഒരു മടങ്ങിവരവിനായി നമുക്കു ശ്രമിക്കാം.

വ്യക്തികൾ തമ്മിലുള്ള ശത്രുത, സഭകൾ തമ്മിലുള്ള പ്രശ്നങ്ങൾ ഇവയ്ക്കെല്ലാം അവസാനവാക്ക് ഇന്നു കോടതിയാണ്. കോടതിയിൽ നിന്നു നീതിയും ന്യായവും ലഭിക്കാനായി ഇറങ്ങി പുറപ്പെടുമ്പോൾ പെന്തെക്കോസ്തു സമൂഹത്തിന്റെ ഭാഗമായി നില്ക്കുന്നവർ എത്രമാത്രം ആത്മീകമായി അധഃപതിച്ചു എന്നു ചിന്തിക്കേണ്ടതാണ്.

ഓരോന്നിനും ഇറങ്ങി പുറപ്പെടുമ്പോൾ പണ്ടത്തെ നല്ല കാലത്തെ വിസ്മരിക്കാതിരിക്കട്ടെ. ഒരു ന്യായകർത്താവ് ഉയരത്തിലുണ്ടെന്നും അവൻ എനിക്കുവേണ്ടി യുദ്ധം ചെയ്യുമെന്ന ബോധ്യത്തോടെയാകട്ടെ ജീവിതം.

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം
എഴുത്തുകാർക്കു മാത്രമാണ്.

# പ്രോത്സാഹനത്തിന്റെ നല്ല പാഠങ്ങൾ



ജിയോ ഏബ്രഹാം

നമുക്ക് ചെയ്യാവുന്ന ഏറ്റവും നല്ല പ്രവർത്തികളിൽ ഒന്നാണ് ‘മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക’ എന്നത്. ബൈബിളിൽ ‘ദൈവീക ഇടപാടുകൾ’ ഉത്തേജനമായി തീർന്ന പലരെയും നാം കാണുന്നു. ജേഷ്ഠനെ പേടിച്ചു ഓടിപ്പോകുന്ന യാക്കോബിന്റെ ജീവിതത്തെ ആകമാനം മാറ്റി മറിച്ചത് ലൂസിൽ വച്ച് ദൈവം അവനു നൽകിയ ‘ഒരു ഉയർന്ന ഗോവേണിയുടെ ദർശനം’ ആണ്. വിക്കനും തടിച്ച നാവുള്ളവനുമായ മോശെ ഒഴിവുകഴിവുകൾ ഏറെ പറഞ്ഞിട്ടും, ഒരു വലിയ ജനസമൂഹത്തിന്റെ ‘നേതാവ്’ ആയി മാറിയത് അവനു ദൈവത്താൽ നൽകപ്പെട്ട വാഗ്ദത്തങ്ങളും ഒപ്പം സമ്മാനമായി ലഭിച്ച ‘ദൈവത്തിന്റെ വടിയും’. ഇസബേലിന്റെ ഭീഷണിക്കു മുൻപിൽ ചൂരച്ചെടിയുടെ കീഴിൽ തളർന്നുറങ്ങുന്ന ഏലീയാവിനോട് ‘നിനക്കിവിടെ എന്ത് കാര്യം’ എന്ന് ചോദിച്ച് ദൈവത്തിന്റെ ദൂതൻ അവനു നൽകി - അപ്പവും വെള്ളവും. അതിന്റെ ബലം അവനെ നാൽപതു രാവും നാൽപതു പകലും ഹോരേബോളം ഓടുമാറാക്കി. നമുക്കും എത്രയോ അനുഭവങ്ങൾ - നിരാശയുടെ നീർച്ചുഴിയിൽ പെട്ട്, എല്ലാം അവസാനിച്ചു എന്ന് നാം ചിന്തിച്ച അവസരങ്ങളിൽ നമ്മെ ‘പിടിച്ചുയർത്തിയ’ ഹൃദ്യമായ ദൈവീക ഇടപെടലുകൾ, മന്ദമായ ആ ഇമ്പ സ്വരം, ഉന്നതമായ ദർശനങ്ങൾ... ഇന്നും തളരാതെ ഓടുവാൻ അത് നമ്മെ ബലപ്പെടുത്തുന്നു.


യഥാർത്ഥ പ്രോത്സാഹനം ‘അഭിനന്ദിക്കുക’ എന്നത് മാത്രമല്ല, തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതും, ശാസിക്കുന്നതും ഒക്കെയാണ്. യേശു ശിഷ്യന്മാരോട് ചോദിച്ച ഒരു ചോദ്യം - ‘നിങ്ങൾ എന്നെ ആരെന്നു പറയുന്നു’? അതിനു മറുപടിയായി നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന ശരിയായ ഉത്തരം പറഞ്ഞ പത്രൊസിനെ അവിടുന്ന് അഭിനന്ദിക്കുന്നു. ‘നീ ഭാഗ്യവാൻ, ജഡരക്തങ്ങൾ അല്ല നിനക്കു ഇത് വെളിപ്പെടുത്തിയത്. സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ’. ഇതു പറഞ്ഞ് ഏതാനും സമയത്തിനുള്ളിൽ യേശു തന്റെ ക്രൂശീകരണത്തെ കുറിച്ച് സംസാരിക്കുമ്പോൾ ‘നിനക്ക് അങ്ങനെ ഭവിക്കരുതേ’ എന്ന് പറഞ്ഞ പത്രൊസിനെ യേശു ശാസിക്കുന്നത് കഠിനമായ സ്വരത്തിൽ - ‘സാത്താനെ എന്നെ വിട്ടുപോ, നീ എനിക്ക് ഇടർച്ചയാകുന്നു. നമ്മുടെ പ്രോത്സാഹനങ്ങൾ സത്യസന്ധമാകണമെങ്കിൽ, ‘അഭിനന്ദനങ്ങളോടൊപ്പം’ നന്നാകാനുള്ള നല്ല ആഗ്രഹത്തോടെ തെറ്റുകൾ ചൂണ്ടിക്കാണിക്കയും വേണം.

പ്രോത്സാഹനങ്ങൾ പരസ്പരം നൽകേണ്ടതാണ്. നെഹമ്യാവിന്റെ മതിൽ പണിയിൽ നാം കാണുന്ന ഒരു പ്രത്യേകത- ആ നല്ല പ്രവർത്തിക്കായി അവർ അന്യോന്യം ധൈര്യപ്പെടുത്തി. പൗലൊസ് തെസ്സലോനിക്യരെ പ്രബോധിപ്പിക്കുന്നു ‘നിങ്ങൾ പരസ്പരം ഉത്സാഹം നൽകുന്നവർ ആകുക’. ‘Therefore encourage one another and build up one another' (1 Thessa 5:11). പ്രോത്സാഹനത്തിന്റെ ‘സ്വീകർത്താക്കൾ’ ആയി മാത്രം ഇരിക്കാതെ നല്ല കാര്യങ്ങൾക്കു ‘അഭിനന്ദനം’ കൊടുക്കുവാനും നാം മുതിരേണ്ടതാണ്.

പുതിയ നിയമത്തിൽ ‘പ്രോത്സാഹനത്തിന്റെ’ നല്ല മാതൃകയുള്ള ഒരു വ്യക്തിയെ നാം കാണുന്നു - മറ്റാരുമല്ല ,‘ബർനബാസ്’ - ‘Son of encouragement’. ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻ പുറപ്പെട്ട പൗലൊസ് ദൈവീക വെളിപ്പാടിനാൽ കർത്താവിൽ വിശ്വസിച്ചെങ്കിലും പലരും അവനെ സംശയത്തോടെയാണ് വീക്ഷിച്ചത്. എന്നാൽ ബർന്നബാസ് അവനെ അപ്പൊസ്തലന്മാരുടെ അടുക്കൽ കൂട്ടിക്കൊണ്ടു ചെന്ന് പരിചയപ്പെടുത്തി. ഒരു വലിയ ‘പടയാളിയെ’ ക്രിസ്തുവിന്റെ രാജ്യത്തിന് സംഭാവന ചെയ്യുവാനുള്ള ആദ്യ പടിയായി മാറി അത്. കൂടാതെ ‘അന്ത്യോക്യയിൽ’ യഹൂദന്മാരെ കൂടാതെ ജാതികളും കർത്താവിനോടു ചേർന്നു എന്നറിഞ്ഞപ്പോൾ അപ്പൊസ്തലന്മാർ അവിടേക്ക് അയച്ചത് ബർന്നബാസിനെ ആയിരുന്നു. അവൻ ചെന്ന് ദൈവകൃപ കണ്ടു സന്തോഷിച്ചു. എല്ലാവരും കർത്താവിനോടു ചേർന്ന് നിൽക്കുവാൻ അവരെ ഉത്സാഹിപ്പിച്ചു. മറ്റുള്ളവരിൽ വ്യാപരിക്കുന്ന ദൈവകൃപ കണ്ടു സന്തോഷിക്കുവാൻ, അവരെ പ്രോത്സാഹിപ്പിക്കുവാൻ നമ്മിൽ എത്ര പേർക്ക് കഴിയും?

‘We rise when we lift others’ - ഞാൻ ഒരാളെ ഉയർത്തുമ്പോൾ ഒപ്പം ഞാനും ഉയർത്തപ്പെടുന്നു.

ഒരു വൃക്ഷത്തിന് പ്രത്യേകിച്ച് ഒന്നും ചെയ്യാതെ ‘സ്വാഭാവിക വളർച്ചയും, ഫലവും തരാൻ കഴിയും. എന്നാൽ ‘ആവശ്യമായ വളം’ നൽകിയാൽ അധികം ഫലം കായ്ക്കും. നമ്മുടെ നല്ല വാക്കുകൾ, അഭിനന്ദനങ്ങൾ, ചെറിയ ചെറിയ സഹായങ്ങൾ ഒക്കെ ഉണ്ടാക്കുന്ന വലിയ സ്വാധീനം പ്രവചനാതീതമായ ഫലങ്ങൾ ഉളവാക്കും. നൽകാം നമുക്കും - ‘വെള്ളവും, വളവും’ - ആരും പരിഗണിക്കാൻ ഇല്ലാത്ത ആ കുഞ്ഞു തൈകൾക്ക് - ‘നിറയെ ഫലങ്ങളുള്ള വലിയ വൃക്ഷമായി അവ തീരട്ടെ. ചിലപ്പോൾ ഒരു ഫലവും നമുക്ക് ലഭിക്കാതെ വന്നേക്കാം, കാരണം നിറയെ ഫലങ്ങൾ ആയിക്കഴിഞ്ഞാൽ ചുറ്റും കൂടുവാനും ഫലം എടുക്കാനും ധാരാളം പേർ ഉണ്ടാകുമല്ലോ...



EDITORIAL BOARD
Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ
പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471

# ഇന്റർനെറ്റ് കെണിയിൽനിന്നും കുട്ടികളെ രക്ഷിക്കാൻ



രണ്ടു വയസ്സുള്ള കുട്ടി മുതൽ ഇരുപത് വയസ്സുള്ള കോളേജ് വിദ്യാർത്ഥി വരെയുള്ള നമ്മുടെ മക്കൾ ഇന്ന് ഇന്റർനെറ്റിലൂടെ കടന്നുവരുന്ന നിരവധി അപകടങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നു. മൊബൈൽ, ടാബ്, ലാപ്ടോപ്പ്, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ തുടങ്ങിയ വിവിധ ഡിവൈസുകളിലൂടെ ഫ്രീയായി കിട്ടുന്ന ഇന്റർനെറ്റ് ഡാറ്റ ഉപയോഗിച്ച് പുതിയ തലമുറ സൈബർ ലോകത്ത് വിഹരിക്കുകയാണ്. ഞെട്ടിക്കുന്ന വാർത്തകളാണ് ഇന്റർനെറ്റ് കെണികളിൽ കുടുങ്ങിയ നമ്മുടെ കുട്ടികളെപ്പറ്റി വന്നുകൊണ്ടിരിക്കുന്നത്. മഹാരാഷ്ട്രയിൽ പതിനാലുകാരൻ ഫ്ളാറ്റിന്റെ അഞ്ചാം നിലയിൽനിന്നും ചാടി ജീവനൊടുക്കിയപ്പോഴാണ് 'ബ്ലൂവെയ്ൽ' എന്ന അപകടകാരിയായ ഇന്റർനെറ്റ് ഗെയിമിന്റെ ഭീകരതയെപ്പറ്റി നാമറിഞ്ഞത്. പിന്നാലെ തിരുവനന്തപുരത്ത് 16 വയസ്സുള്ള പ്ലസ് വൺ വിദ്യാർത്ഥി കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. ഒരു കമ്പ്യൂട്ടർ സോഫ്റ്റ് വെയർ എഞ്ചിനീയർ കൂടിയായ അമ്മ പറഞ്ഞാണ് ആ മകൻ ബ്ലൂവെയ്ൽ ഗെയിമിന്റെ ഇരയായാണ് ആത്മഹത്യ ചെയ്തതെന്ന് പുറംലോകമറിയുന്നത്. ബ്ലൂവെയ്ൽ ഗെയിം മാത്രമല്ല മറ്റു നിരവധി അപകടക്കെണികൾ ഇന്റർനെറ്റിൽ കുട്ടികൾക്കായി വലവിരിച്ചു കാത്തിരിക്കുന്നു. ഫെയ്സ് ബുക്കിൽ പരിജയപ്പെട്ട ഇരുപത്തിയൊന്നുകാരനായ യുവാവിനൊപ്പം ഒളിച്ചോടിയ പതിമൂന്നുകാരി പെൺകുട്ടിയെ യുവാവും കൂട്ടാളിയും ചേർന്ന് പീഡിപ്പിച്ച് വഴിയിൽ ഉപേക്ഷിച്ച സംഭവം കഴിഞ്ഞ ദിവസം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. സോഷ്യൽ മീഡിയയിലൂടെ പരിചയപ്പെട്ട യുവാവിന് സ്വകാര്യ ചിത്രങ്ങൾ അയച്ചു കൊടുത്ത പത്താംക്ലാസുകാരിയെ, ആ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കും എന്നു ഭീഷണിപ്പെടുത്തി സ്വർണ്ണവും പണവും തട്ടിയെടുക്കാൻ ശ്രമിച്ചതും അടുത്ത കാലത്താണ്. വീട്ടുകാർ അറിയാതെയായിരുന്നു പെൺകുട്ടി പണം നൽകി രക്ഷപെടാൻ ശ്രമിച്ചത്. 'സൈബർ ബുള്ളിയിങ്ങ്' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഓൺലൈൻ ഗുണ്ടായിസത്തിന് ഇരയായ പത്തൊൻപതുകാരനായ വിദ്യാർത്ഥി ആത്മഹത്യ ചെയ്തത് മറ്റൊരു സൈബർ ദുരന്തമാണ്. വിദ്യാർത്ഥിയെ അപമാനിക്കുന്നതും, പരിഹസിക്കുന്നതുമായ മെസ്സേജുകൾ സോഷ്യൽ മീഡിയയിൽ ചില സുഹൃത്തുക്കൾ പോസ്റ്റ് ചെയ്തതാണ് ഈ കടുംകൈയ്ക്ക് വിദ്യാർത്ഥിയെ പ്രേരിപ്പിച്ചത്.

ഇന്റർനെറ്റ് ചതിയിൽപ്പെട്ട് നൂറുകണക്കിന് കുട്ടികളാണ് ജീവനൊടുക്കിയും, ബലാത്സംഗത്തിന് ഇരയായും, മാനസ്സികനില തെറ്റിയും ദുരന്തകഥാപാത്രങ്ങളായത്. നമ്മുടെ കുട്ടികളെ ഓൺലൈൻ ഭീകരതയിൽനിന്നും രക്ഷിക്കാൻ മാതാപിതാക്കളും, അദ്ധ്യാപകരും, സമൂഹവും, ഗവൺമെന്റും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. 'ഓൺലൈൻ സേഫ്റ്റി' ഉറപ്പു വരുത്താൻ സഹായിക്കുന്ന ചില പ്രായോഗിക നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

'ഡിജിറ്റൽ ഗാപ്പ്' എന്നറിയപ്പെടുകയും പഴയ തലമുറയും പുതുതലമുറയും തമ്മിലുള്ള സാങ്കേതിക ജ്ഞാനത്തിലെ അന്തരം അപകടകരമാണ്. മാതാപിതാക്കൾക്കോ, അദ്ധ്യാപകർക്കോ അറിയാവുന്നതിന്റെ എത്രയോ ഇരട്ടി കാര്യങ്ങൾ പുതിയ ടെക്നോളജികൾ ഉപയോഗിക്കാൻ ഇന്നത്തെ തലമുറയ്ക്ക് കഴിവുണ്ട്. ഇന്റർനെറ്റ്, സോഷ്യൽ മീഡിയ, മൊബൈൽ ഫോൺ തുടങ്ങി ആധുനിക ഗാഡ്ജറ്റുകളും, ആപ്ലിക്കേഷനുകളും കൈകാര്യം ചെയ്യാനും, അത്തരം കാര്യങ്ങൾ പഠിക്കാനും മാതാപിതാക്കൾ ശ്രമിക്കണം. നമ്മുടെ അജ്ഞതയെ മുതലെടുക്കാൻ കുട്ടികളെ സമ്മതിക്കരുത്. പുതിയ ടെക്നോളജികൾ ഉപയോഗിക്കാൻ പഠിക്കണം, നമ്മുടെ സാങ്കേതിക ജ്ഞാനം അപ്ഡേറ്റ് ചെയ്യണം.

സോഷ്യൽ മീഡിയയിലൂടെ അപരിചിതരുമായി ബന്ധങ്ങൾ സ്ഥാപിക്കുന്നതിന്റെ അപകടം കുട്ടികളെ ബോധ്യപ്പെടുത്തണം.

പാസ്വേർഡുകൾ, സ്വകാര്യ ഫോട്ടോകൾ, ലൊക്കേഷൻ സംബന്ധിച്ച വിവരങ്ങൾ, വ്യക്തിപരമായ വിവരങ്ങൾ ഓൺലൈനിലൂടെ, സോഷ്യൽ മീഡിയയിലൂടെ ഷെയർ ചെയ്യുന്നത് കർശനമായി വിലക്കണം.

എൽ.കെ.ജി. വിദ്യാർത്ഥിയായാലും, കോളേജ് കുമാരനായാലും ഇന്റർനെറ്റ് സൗകര്യമുള്ള ഫോർ ജി സ്മാർട്ട് ഫോൺ വാങ്ങി നൽകേണ്ടയാതൊരു ആവശ്യവുമില്ല. സാധാരണ ഫോൺ മതിയാവും.

പതിനാറു വയസ്സു വരെയുള്ള കുട്ടികളുടെ ഇടയിൽ മാക്ഫീ നടത്തിയ ഒരു സർവ്വേയിൽ 60 ശതമാനത്തോളം കുട്ടികൾ തങ്ങളുടെ ഓൺലൈൻ ആക്റ്റിവിറ്റികൾ മാതാപിതാക്കളിൽനിന്നും മറച്ചുവെക്കുന്നു എന്ന ഞെട്ടിക്കുന്ന സത്യം കണ്ടെത്തുകയുണ്ടായി. ഇന്ന് മാർക്കറ്റിൽ നിരവധി പേരന്റിങ്ങ് കൺട്രോൾ സോഫ്റ്റ്വയറുകൾ ലഭ്യമാണ്. കുട്ടികൾ ഉപയോഗിക്കുന്ന ഗാഡ്ജെറ്റുകളിൽ ഇത്തരം സോഫ്റ്റ് വയറുകൾ ഇൻസ്റ്റാൾ ചെയ്യണം. കുട്ടികൾ പോണോഗ്രഫി സൈറ്റുകൾ സന്ദർശിക്കുന്നത് തടയാനും, നമ്മുടെ കുട്ടികൾ ഇന്റർനെറ്റിൽ എന്തൊക്കെ ചെയ്യുന്നു എന്നറിയാനും ഇത് സഹായിക്കും.



ഡഗ്ളസ് ജോസഫ്

രാത്രി വൈകിയും ഉറക്കമിളച്ച് കുട്ടികൾ അവരുടെ സ്വകാര്യ മുറിയിൽ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കണം. ഈയിടെ ബ്ലൂവെയിൽ ഗെയിം കളിച്ച് ആത്മഹത്യ ചെയ്ത കുട്ടികൾ ചെയ്ത ഒരു ചലഞ്ച് രാത്രിയിൽ ഉറങ്ങാതിരിക്കുക എന്നതായിരുന്നു. രാത്രികാലങ്ങളിൽ സോഷ്യൽ മീഡിയയിലൂടെ, ചാറ്റിങ്ങ് സൈറ്റുകളിലൂടെ മണിക്കൂറുകൾ സല്ലാപം നടത്തുന്ന, പ്രേമബന്ധങ്ങൾ വളർത്തിയെടുക്കുന്ന, അപരിചിതരുമായി സെക്സ് ചാറ്റ് പോലും നടത്തുന്ന നമ്മുടെ കൗമാരക്കാരെ കർശനമായി നിയന്ത്രിക്കേണ്ടത് മാതാപിതാക്കളാണ്.

ഇന്ന് മുതിർന്ന കുട്ടികൾ മൊബൈൽ, ടാബ്, ലാപ്പ്ടോപ്പ് തുടങ്ങിയ പേഴ്സണൽ ഡിവൈസിലൂടെയാണ് ഓൺലൈൻ കാര്യങ്ങൾ ചെയ്യുന്നത്. എന്നാൽ ചെറിയ കുട്ടികൾ ഡെസ്ക്ടോപ്പ് കമ്പൂട്ടറോ, ലാപ്പ്ടോപ്പോ ഉപയോഗിക്കുന്നു. ഇത്തരം ഡെസ്ക്ടോപ്പ്, ലാപ്പ്ടോപ്പ് ഇവ വീട്ടിൽ പൊതുസ്ഥലത്ത് വയ്ക്കണം.

കുട്ടികൾ വകതിരിവില്ലാതെ കണ്ണിൽ കണ്ട എല്ലാ ആപ്ലിക്കേഷനുകളും, ഗെയിമുകളും ഡൗൺലോഡ് ചെയ്യാറുണ്ട്. ഇങ്ങനെ ഡൗൺലോഡ് ചെയ്യുന്ന സോഫ്റ്റ് വെയറുകളിൽ അപകരകരമായി മാൻവെയറുകളും, സ്വകാര്യ വിവരങ്ങൾ ചോർത്തുന്ന ഹാക്കിങ്ങ് വൈറസുകൾ ഒളിഞ്ഞിരിപ്പുണ്ട്. മാതാപിതാക്കൾ കുട്ടികളുടെ ഇത്തരം ഡൗൺലോഡുകളെ നിരുത്സാഹപ്പെടുത്തണം.

സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുന്ന കാര്യങ്ങൾ നാം എറിഞ്ഞ ഒരു കല്ലു പോലെയാണ്. കല്ല് എറിഞ്ഞു കഴിഞ്ഞ് അത് തിരിച്ചു പിടിക്കാൻ സാധ്യമല്ല. ഇതുപോലെ ഇന്റർനെറ്റിൽ പോസ്റ്റ് ചെയ്യുന്ന കാര്യങ്ങൾ, നാം ഡിലിറ്റ് ചെയ്താൽ പോലും സ്ഥിരമായി സൈബർ ലോകത്ത് (cyber footprint) കാണും. അതിനാൽ കുട്ടികൾ പ്രത്യേകിച്ച് പെൺകുട്ടികൾ തങ്ങളുടെ ചിത്രങ്ങൾ, സ്വകാര്യ വിവരങ്ങൾ, ഇവ പോസ്റ്റ് ചെയ്യുമ്പോൾ സൂക്ഷിക്കണം.

> **മാതാപിതാക്കൾ കുട്ടികളോട് മനസ്സു തുറന്ന് സംസാരിക്കണം. അവരുടെ എല്ലാ കാര്യങ്ങളും തുറന്നു പറയുന്ന നല്ല സുഹൃത്താവാൻ മാതാപിതാക്കൾക്ക് കഴിയണം.**

കുട്ടികൾ സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ അപരിചിതരുടെ ഫ്രണ്ട് റിക്വസ്റ്റുകൾ സ്വീകരിക്കെരുതെന്ന് കർശനമായി നിർദ്ദേശിക്കണം. കുട്ടികളുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വല്ലപ്പോഴുമെങ്കിലും പരിശോധിക്കുന്നത് നല്ലതാണ്. മാത്രമല്ല തങ്ങളുടെ മക്കളുടെ അക്കൗണ്ടുകളിൽ മാതാപിതാക്കൾ ഫ്രണ്ട് ആണെന്ന് ഉറപ്പുവരുത്തുന്നത് സോഷ്യൽ മീഡിയായിലെ അവരുടെ ഇടപാടുകൾ ശ്രദ്ധിക്കാൻ സഹായിക്കും.

മാതാപിതാക്കൾ കുട്ടികളോട് മനസ്സു തുറന്ന് സംസാരിക്കണം. അവരുടെ എല്ലാ കാര്യങ്ങളും തുറന്നു പറയുന്ന നല്ല സുഹൃത്താവാൻ മാതാപിതാക്കൾക്ക് കഴിയണം. പലപ്പോഴും ഇന്റർനെറ്റിൽ അപരിചിതരുമായുള്ള ബന്ധത്തിലൂടെ അപകടത്തിലാവുന്ന കുട്ടികൾ ഇതൊന്നും മാതാപിതാക്കളോട് പറയാറില്ല. സൈബർ ബുള്ളിയിങ്ങിനും, പ്രേമകുരുക്കിലും, ഒക്കെ ഇരയാവുന്ന കുട്ടികൾ ഇക്കാര്യങ്ങൾ വെളിപ്പെടുത്തിയാൽ തക്കസമയത്ത് ഇടപെടലുകൾ നടത്തി അവരെ രക്ഷിക്കാൻ മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും കഴിയും.

തീരെ ചെറിയ കുട്ടികൾ മൊബൈലോ, ടാബോ ഒക്കെ ഉപയോഗിച്ച് ഗെയിം കളിക്കാനായി, കാർട്ടൂണുകൾ കാണാനായി ഒക്കെ ഇന്റർനെറ്റുമായുള്ള ബന്ധം തുടങ്ങുമ്പോൾ തന്നെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. കതിരിൽ കൊണ്ടു വളംവെച്ചിട്ടു കാര്യമില്ല. ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ ചൊല്ല്. ഇന്റർനെറ്റിൽ ചിലവഴിക്കുന്ന സമയം നിജപ്പെടുത്തണം. ചില മാതാപിതാക്കൾ കുട്ടികൾ കരയാതിരിക്കാനും, അവരുടെ ശല്യം ഒഴിവാക്കാനും മൊബൈലോ, ടാബോ നൽകുന്നതായി കണ്ടിട്ടുണ്ട്. ഇത്തരം കുട്ടികൾ ഗെയിം, കാർട്ടൂൺ ഇവയ്ക്ക് അടിമയാവും.

ഇന്റർനെറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്താലും, പണം കൊടുത്ത് വാങ്ങിയാലും, ഓരോ ഗെയിമും കളിക്കേണ്ട പ്രായം അതിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. ഓരോ പ്രായത്തിനും അനുയോജ്യമായ ഗെയിമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടേ ഡൗൺലോഡോ, വാങ്ങലോ നടത്താവൂ.

ചില മാതാപിതാക്കൾ തങ്ങളുടെ മക്കളെപ്പറ്റി അമിതമായ അഭിമാനവും, വിശ്വാസവും വച്ചുപുലർത്താറുണ്ട്. എന്റെ മകൻ കമ്പ്യൂട്ടറും, ഇന്റർനെറ്റും ഒക്കെ പുഷ്പം പോലെ കൈകാര്യം ചെയ്യും എന്ന് അഭിമാനത്തോടെ പറയുന്ന പല മാതാപിതാക്കളെയും ഈ ലേഖകൻ കണ്ടിട്ടുണ്ട്. പക്ഷേ അവർ കമ്പ്യൂ

(ശേഷം പേജ് 8)

# വാർദ്ധക്യത്തെ വസന്തമാക്കണം !





ടോംസ് ആന്റണി

(കഴിഞ്ഞ ലക്കം തുടർച്ച)

**സാമ്പത്തിക രംഗത്ത്**

ആരോഗ്യം ക്ഷയിക്കുന്നതോടുകൂടി തൊഴിൽ ക്ഷമത കുറയുന്നത് വാർദ്ധക്യം നേരിടുന്ന പ്രധാന പ്രശ്നമാണ്. അതിനാൽ വരുമാനം കുറയുന്നു. റിട്ടയർ ആയതിനുശേഷം പെൻഷൻ വാങ്ങിയിരിക്കുന്നവരും ഉണ്ട്. തങ്ങൾക്കുള്ള വരുമാനത്തിനുമേൽ ഒരവകാശവുമില്ലാത്ത വയോജനങ്ങളുടെ എണ്ണവും പെരുകുകയാണ്. കടക്കെണിയിൽ പെട്ടു കഴിയുന്ന വയോജനങ്ങളുമുണ്ട്. തങ്ങൾ വരുത്തിവച്ച കടത്തിന് യാതൊരു ബാദ്ധ്യതയുമില്ലെന്നുപറഞ്ഞ് തന്നിഷ്ടത്തോടെ ജീവിക്കുന്ന പുതിയ തലമുറ വാർദ്ധക്യത്തിന്റെ പ്രശ്നങ്ങൾക്കു വെല്ലുവിളി ഉയർത്തിക്കൊണ്ട് നിലനിൽക്കുകയാണ്. സുരക്ഷിതമായ പാർപ്പിടമില്ലായ്മയും, ഉള്ള പാർപ്പിട സംവിധാനത്തിൽ വയോജന സൗഹൃദമായ ഉപകരണങ്ങളും സംവിധാനങ്ങളും ഇല്ലാത്തതും ഏറെ ക്ലേശകരമാണ്. ശുചിമുറികൾ അടുത്തില്ലാത്തത്; പിടിച്ചുനടക്കാനുള്ള സംവിധാനമില്ലാത്തത് തുടങ്ങി പാർപ്പിടത്തിൽ വയോജനങ്ങൾക്കുണ്ടാകേണ്ട അനിവാര്യമായ സംവിധാനങ്ങൾ ഇല്ല എന്നത് സങ്കടകരമാണ്.

ആസ്തികളുടെ കൈമാറ്റമാണ് വാർദ്ധ്യകം നേരിടുന്ന വലിയ ഒരു പ്രതിസന്ധി. കഷ്ടപ്പെട്ട് ഉണ്ടാക്കിയ സ്വത്തുക്കൾക്കുവേണ്ടി മക്കൾ മത്സരിക്കുകയും, വീതം വയ്പിച്ചുകിട്ടുന്നതിനുവേണ്ടി വൃദ്ധരായ മാതാപിതാക്കളെ പീഡിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നത് പതിവ് കാഴ്ചയായിട്ടുണ്ട്. ഭീഷണിക്ക് വഴങ്ങിയോ തന്ത്രപൂർവ്വമോ സ്വത്തുക്കൾ കൈക്കലാക്കിയാൽ പിന്നെ പലയിടത്തും വൃദ്ധജനങ്ങൾ ബാദ്ധ്യതയായി മാറുന്നുണ്ട്.

സാമ്പത്തിക വരുമാനമുള്ള വൃദ്ധജനങ്ങളെ സാമ്പത്തികമായി ചൂഷണം ചെയ്യുകയും കബളിപ്പിക്കുകയും ചെയ്യുന്നവരുടെ എണ്ണവും പെരുകി വരുന്നു. ഒരു വരുമാനവുമില്ലാത്തതുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ഒട്ടേറെ വൃദ്ധജനങ്ങളുണ്ട്.

**സുരക്ഷിതത്വപ്രശ്നങ്ങൾ**

തങ്ങളുടെ ആരോഗ്യനിലവാരമനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ ഭവനങ്ങളിലോ, മറ്റു പൊതുയിടങ്ങളിലോ വേണ്ടുവോളമില്ലാത്തിനാൽ വൃദ്ധരായവർ അനുഭവിക്കുന്ന സുരക്ഷിതത്വപ്രശ്നങ്ങൾ ഏറെയാണ്. ശാരീരികമായ മർദ്ദനങ്ങളും, മാനസിക പീഡനങ്ങളും അനവധി ഇവർക്ക് ഉണ്ടാകാറുണ്ട്. പണത്തിനും, സ്വർണ്ണത്തിനും വേണ്ടി പിടിച്ചുപറിയും കൊലപാതകവും വരെ നമ്മുടെ നാട്ടിൽ അരങ്ങേറുന്നു. വൃദ്ധരുടെ നേരെയുള്ള ആക്രമണങ്ങളും ഇന്ന് കൂടിവരുന്നു. ഭിക്ഷാടനത്തിനും മറ്റും വരുന്നവർ വൃദ്ധരായവരെ ഉപദ്രവിക്കുകയും പിടിച്ചുപറിനടത്തുകയും ചെയ്തു വരുന്നു. ചിലയിടങ്ങളിൽ ഇത്തരം ആക്രമണങ്ങൾ മരണത്തിനുതന്നെ കാരണമാകുന്നുണ്ട്. സുരക്ഷിതത്വമില്ലാതെ ഭയാശങ്കകളോടെ കഴിയുന്ന വൃദ്ധജനങ്ങൾ ഇന്ന് ഏറിവരികയാണ്.

**വൃദ്ധകളുടെ പ്രത്യേക പ്രശ്നങ്ങൾ**

സ്ത്രീജനങ്ങൾ എന്ന നിലയിൽ വൃദ്ധകളുടെ പ്രശ്നങ്ങൾക്ക് ആക്കം കൂടും. വിധവ എന്ന നിലയിൽ വൃദ്ധകൾ അനുഭവിക്കുന്ന മാനസികവ്യഥകൾ വളരെ വലുതാണ്.

ഭർത്താവിന്റെ പേരിൽ സ്വത്ത് ഉള്ളപ്പോൾ ആധികാരികത ഇല്ലാത്തതിന്റെ പേരിൽ നേരിടുന്ന പ്രശ്നങ്ങളും പലരും അനുഭവിക്കുന്നു. വൃദ്ധകളായവരെ ചതിവിൽപ്പെടുത്തി സ്വത്തുതട്ടിയെടുക്കുന്നതും പതിവായിരിക്കുന്നു. ധനസംബന്ധമായ കാര്യങ്ങളിലുള്ള അറിവില്ലായ്മയും ഫലപ്രദമായി ചിലർ ചൂഷണം ചെയ്യുന്നു. വൃദ്ധകളായ സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കുന്നതും ഇന്ന് പതിവായിരിക്കുന്നു. മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നവർ കുടുംബത്തിൽ നിന്നുപോലും ഇവരെ പീഡിപ്പിക്കുന്നുഎന്നത് എത്രയോ ഭീതിദമാണ് ! കൂടാതെ അയൽപക്കക്കാർ, വീട്ടിൽ ജോലിക്കുവരുന്നവർ, ഭിക്ഷക്കാർ, കവർച്ചനടത്തുന്നവർ എന്നിവരൊക്കെ ഇവരെ പീഡിപ്പിക്കാറുള്ളത് ചിലയിടങ്ങളിൽ നിന്നും കേൾക്കാറുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഭൂരിഭാഗവും പുറത്തറിയാറില്ല എന്നതാണ് ഭയാനകം!

**ആരോഗ്യപ്രശ്നങ്ങൾ**

ഭൂരിഭാഗം വയോജനങ്ങളും രോഗാതുരരാണ്. വളരെ ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങളാണ് ഇവരെ വേട്ടയാടുന്നത്.

കേരളത്തിൽ എഴുപത് വയസ്സ് പിന്നിട്ടവരിൽ 34% പേരും വൃക്കരോഗത്തിന് കീഴ്പ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാണ് ഒരു പഠനറിപ്പോർട്ട് പറയുന്നത്. പ്രമേഹവും, രക്തസമ്മർദ്ദവും ഏറെപ്പേർക്കുണ്ട്. ഓർമ്മ നഷ്ടപ്പെടുന്നവർ, ചലനശേഷി നഷ്ടപ്പെടുന്നവർ, കണ്ണുകാണാത്തവർ, കാതുകേൾക്കാത്തവർ എന്നിങ്ങനെയുള്ള വൃദ്ധജനങ്ങൾ ഏറുകയാണ്. ജീവിതശൈലീരോഗങ്ങളും ഇന്ന് വൃദ്ധരായവരെ ബാധിക്കുന്നുണ്ട്. കാൻസർ പോലുള്ള രോഗങ്ങളും വൃദ്ധരായവർ അനുഭവിക്കുന്നു. ഇത്തരം രോഗങ്ങൾ അനുഭവിക്കുന്നതിൽ നിന്നുള്ള മാനസീകപ്രശ്നങ്ങളും അവരെ വിടാതെ പിന്തുടരുന്നു എന്നത് വേദനാജനകമാണ്.

വാർദ്ധക്യകാലരോഗങ്ങളെപ്പറ്റി വിശദമായി പഠനങ്ങൾ നടത്തുകയും, വാർദ്ധക്യകാലരോഗങ്ങൾക്ക് ഒരു നൂതന സമഗ്രചികിത്സാപദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യുന്ന 'ജറിയാട്രിക് മെഡിസിൻ' ഇന്ന് കൂടുതൽ പ്രചാരത്തിലാകുകയാണ്. ദീർഘകാല രോഗങ്ങളെപ്രത്യേകമായി കണ്ട്, ദീർഘകാലരോഗികളുടെ ശാരീരികവും, മാനസീകവും, സാമൂഹികവും, സാമ്പത്തികവും, ആത്മീയവുമായ പ്രശ്നങ്ങളെ സമഗ്രമായി വിലയിരുത്തി സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് അവരോടൊപ്പം ജീവിതാവസാനം വരെ സഞ്ചരിക്കുന്നതിന് പര്യാപ്തമാക്കുന്ന 'പാലിയേറ്റീവ് കെയർ' വൈദ്യശാസ്ത്രശാഖ, ജറിയാട്രിക് മെഡിസിൻ എന്ന വൈദ്യശാസ്ത്രശാഖയുമായി ചേർന്ന് ജറിയാട്രിക് പാലിയേറ്റീവ് കെയർ' ഇന്ന് വയോജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമാകുന്ന സംവിധാനമായി വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്നു.

വയോജനങ്ങളുടെ പാലിയേറ്റീവ് കെയറിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകരും ടീം വയോജനങ്ങളോടൊത്ത് കൂടുതൽ സമയം ചെലവഴിക്കുന്നതിനും, രോഗലക്ഷണങ്ങളെക്കുറിച്ചും, രോഗം ബാധിച്ച വ്യക്തിയുടെ ആഗ്രഹാഭിലാഷങ്ങളെക്കുറിച്ചും, കൂടുതൽ സമയം സംസാരിച്ച് ഈ വിഷയത്തിൽ വിദഗ്ദപരിശീലനം നേടിയ ഡോക്ടറുമായി ആശയവിനിമയം നടത്തേണ്ടതുണ്ട്. അതുവഴി കഴിയുന്നത്ര രോഗലക്ഷണങ്ങൾ ശമിപ്പിക്കുന്നതിനും, രോഗിയുടെ ജീവിതാന്ത്യത്തിൽ സംഭവിക്കുന്ന വിവിധ ലക്ഷണങ്ങൾ എങ്ങിനെ ശമിപ്പിക്കാം എന്ന് നിത്യപരിചാരകരേയും, ബന്ധുമിത്രാദികളേയും മനസ്സിലാക്കിക്കൊടുക്കുന്നതിനും രോഗിയുടെ ആഗ്രഹാഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനും അവർക്ക് കൂടുതൽ ശ്രദ്ധചെലുത്താൻ കഴിയും.

വൃദ്ധരുടെ ചികിത്സയുമായി ബന്ധപ്പെട്ട ചില സ്വകാര്യആശുപത്രികൾ നടത്തുന്ന കൊടിയ ചൂഷണങ്ങളും നാം തിരിച്ചറിയേണ്ടതുണ്ട്.

> **കേരളത്തിൽ എഴുപത് വയസ്സ് പിന്നിട്ടവരിൽ 34% പേരും വൃക്കരോഗത്തിന് കീഴ്പ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാണ് ഒരു പഠനറിപ്പോർട്ട് പറയുന്നത്. പ്രമേഹവും, രക്തസമ്മർദ്ദവും ഏറെപ്പേർക്കുണ്ട്. ഓർമ്മ നഷ്ടപ്പെടുന്നവർ, ചലനശേഷി നഷ്ടപ്പെടുന്നവർ, കണ്ണുകാണാത്തവർ, കാതുകേൾക്കാത്തവർ എന്നിങ്ങനെയുള്ള വൃദ്ധജനങ്ങൾ ഏറുകയാണ്.**

അന്ത്യനിമിഷത്തിൽ പോലും ഐ.സി.യു.വിനകത്ത് ഭീതിയോടെ, പ്രിയപ്പെട്ടവർ ആരും കൂടെയില്ലാതെ മരിക്കാനുള്ള വിധിയും സത്യത്തിൽ ഭയാനകമാണ്. അനിവാര്യമായ ഘട്ടത്തിലൊഴികെ, ജാടയും പത്രാസും പറയുവാൻ വേണ്ടി ഐ.സി.യു.വിനുള്ളിലാക്കി ലക്ഷങ്ങൾ മാതാപിതാക്കൾക്കുവേണ്ടി ചെലവഴിക്കുന്നതിൽ ഒരർത്ഥവുമില്ല. ജീവിച്ചിരിക്കുമ്പോൾ നൽകാത്ത സ്നേഹത്തിന് ഇത് പകരമാവില്ല. പ്രിയപ്പെട്ടവർ ചുറ്റുമിരുന്ന് സന്തോഷത്തോടെ മരിക്കുവാൻ അവരെ അനുവദിക്കുന്നതാവും കൂടുതൽ നല്ലത്.

**ആത്മീയാവശ്യങ്ങൾ**

വൃദ്ധരുടെ ആത്മീയമായ ആവശ്യങ്ങൾ നിറവേറ്റുവാൻ മക്കൾക്കും, ബന്ധുക്കൾക്കും സമൂഹത്തിനും കടമയുണ്ട്. അവർ ഏതു മതവിശ്വാസിയുമാകട്ടെ, മക്കൾ നിരീശ്വരവാദിയുമാകട്ടെ. മാതാപിതാക്കളുടെ താത്പര്യമനുസരിച്ചുള്ള അവരുടെ ആത്മീയാവശ്യങ്ങൾ ആവശ്യമുള്ള സമയങ്ങളിൽ നാം ചെയ്തുകൊടുത്തേ മതിയാവൂ.

**നിയമങ്ങളും സംവിധാനങ്ങളും**

1991 ഡിസംബർ 16 ന് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി വയോജനങ്ങൾക്കുള്ള അവകാശങ്ങൾ പാസ്സാക്കിയിട്ടുണ്ട്. പ്രധാനമായും വൃദ്ധജനങ്ങളുടെ സ്വാതന്ത്ര്യം, പങ്കാളിത്തം, സംരക്ഷണം, സ്വയംപര്യാപ്തത, പരിഗണന, അനുഭവസമ്പത്തുകളുടെ പ്രയോജനപ്പെടുത്തൽ, എന്നിവയെല്ലാം ഇതിൽപ്പെടുന്നു.

കേന്ദ്രഗവൺമെന്റ് ഒരു വയോജനനയം പാസ്സാക്കിയിട്ടുണ്ട്. ഒപ്പം തന്നെ സംസ്ഥാന സർക്കാരിനും ഒരുവയോജനനയം ഉണ്ട്. പ്രാദേശികമായും ഒരു വയോജനനയം നാം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

2007 ലെ മെയിന്റനൻസ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് ഈ രംഗത്ത് വളരെ പ്രധാനപ്പെട്ടതാണ്. ഇതിൽ പ്രതിപാദിക്കുന്ന പ്രധാന കാര്യം മക്കളുടെ പേരിൽ സ്വത്ത് എഴുതി നൽകിക്കഴിഞ്ഞാൽ മക്കൾ നോക്കുന്നില്ല എങ്കിൽ അത് തിരികെ വയോജനങ്ങളുടെ പേരിൽതന്നെ തിരിച്ചെടുക്കാനുള്ള വ്യവസ്ഥയാണ്. കൂടാതെ മാതാപിതാക്കളെ ഉപേക്ഷിക്കുന്നത് കുറ്റകരമായും ഇതിൽ പറയുന്നു. ക്രിമിനൽ നടപടി ക്രമത്തിൽ 125-ാം വകുപ്പ് പ്രകാരം മാതാപിതാക്കൾക്ക് സംരക്ഷണചെലവിനുള്ള അവകാശമുള്ള കാര്യം പ്രഖ്യാപിക്കുന്നു.

**എന്തുചെയ്യണം ?**

പ്രാദേശിക തലത്തിൽ വയോജന കൂട്ടായ്മകൾ സംഘടിപ്പിക്കുക

പ്രാദേശിക സർക്കാരുകളോ, സന്നദ്ധ സംഘടനകളോ വയോജനവേദികളോ ഇതിനായി മുന്നിട്ടിറങ്ങണം. പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള അയൽസഭകളിലെ വയോജനങ്ങൾക്കുവേണ്ടി വയോജനസഭകൾ രൂപീകരിക്കുന്നത് നല്ലതാണ്. മാസത്തിൽ ഒരിക്കലെങ്കിലും അവർക്കിഷ്ടമുള്ളിടത്ത് ഒന്നിച്ചുകൂടുവാനും, അനുഭവങ്ങൾ പങ്കിടുവാനും, കലാപരിപാടികൾ അവതരിപ്പിക്കാനുമുള്ള അവസരം ഒരുക്കണം. ഇത്തരം പരിപാടികളെ നീണ്ട ഉദ്ഘാടനങ്ങൾ നടത്തി വിരൂപമാക്കാതിരിക്കുക. വയോജനങ്ങൾക്കുവേണ്ടിയുള്ള എല്ലാപരിപാടികളും പൂർണ്ണമായും വയോജന സൗഹൃദമായിരിക്കണം.

**പകൽവീടുകൾ**

വൃദ്ധമന്ദിരങ്ങളല്ല നമുക്ക് വേണ്ടത്. അത് ആരോരുമില്ലാത്തവർക്കുവേണ്ടി മാത്രമാകട്ടെ. നോക്കാൻ ആളില്ലാത്തവർ വൃദ്ധമന്ദിരങ്ങളിൽ കഴിയട്ടെ. അത് അവർക്ക് സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും വേദിയായി മാറണം.

പകൽവീടുകൾ ഇന്ന് ധാരാളമുണ്ട്. പഞ്ചായത്തുതലങ്ങളിൽ അവ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അവർക്ക് എത്തിപ്പെടുവാൻ പറ്റിയ സ്ഥലത്താവണം അത് പണിയേണ്ടത്. താഴത്തെ നിലയിലുമാകണം. റ്റി.വി

(ശേഷം പേജ് 5)

## ഉള്ളതു പറഞ്ഞാൽ

ജോസ്ഫിൻ രാജ്




റോസാപുഷ്പത്തെക്കുറിച്ച് അനേകം വസ്തുത കേട്ടിട്ടുണ്ട്. ജീവിതം എപ്പോഴും റോസാപ്പൂവിന്റെ ഇതളുകൾ കൊണ്ടുള്ള മെത്തയല്ലെന്നു ശഠിക്കുന്നവർ അതിലെ മുള്ളുകൾ കണ്ടിട്ടുണ്ടാവാം! പ്രണയത്തിന്റെ പുഷ്പമാകാം റോസ. അതുകൊണ്ടാണല്ലോ ഹൃദയം ചുവക്കുന്നതും, അത് ചേർത്തു വെയ്ക്കുമ്പോൾ രക്തം പൊടിയുന്നതും.

ഈ നാളുകളിൽ എല്ലാമൊരു റോസമയം തന്നെ. പക്ഷെ, എവിടെയൊക്കെയോ രക്തം പൊടിയുന്നുണ്ട്. തീർച്ച! അവിഹിത ഗർഭം ധരിച്ചു എന്ന് നാട്ടുകാർ പറയുന്നവൾ ഇവളാണുപോൽ. ഇവളെ ജീവിത സഖിയാക്കിയാൽ മുല്ലപ്പൂവിന്റെ സൗരഭ്യം നഷ്ടമാകുമെന്ന ചിന്താഭാരം പേറുന്നുണ്ട്. അതുകൊണ്ട് എങ്ങനെയെങ്കിലും അവളെ മാന്യമായി ഒഴിവാക്കണം. ഈവക മുള്ളുകൾ ആഴ്ന്നിറങ്ങിയ ഈ വെള്ളമുല്ലയുടെ നിറം ഇപ്പോൾ റോസാപ്പൂവിന്റെ ചുവപ്പായി മാറിയിരിക്കുന്നു.

പക്ഷെ, ദൈവികദർശനങ്ങൾക്ക് മറുതലിക്കുന്നതെങ്ങനെ? അതു ചിലപ്പോൾ അങ്ങനെതന്നെയാണ്. ചില നിന്ദകൾ ഏറ്റുവാങ്ങാനും അവയെ സഹിക്കാനും ചില 'മുല്ല്'കൾ എപ്പോഴും ഉണ്ടാകും. യാതൊരു പരിഭവവും ഇല്ലാതെ. കല്ലുകളാണ് ചുറ്റുമെങ്കിലും അതിലും സുഗന്ധം പരത്തുന്നവർ. തന്റേതല്ലാത്ത പുത്രനെ വളർത്തേണ്ടിവന്ന പുതിയനിയമത്തിലെ ജോസഫ്, തന്റേതല്ലാത്ത പാപത്തെ ചുമക്കേണ്ടിവന്ന പഴയനിയമ യോസഫ്, നാട്ടുകാർക്കും സുഹൃത്തുക്കൾക്കും നന്മ ചെയ്തിട്ടും ഒരു കഷ്ടകാലം വന്നപ്പോൾ അവരുടെ ശാപം ഏറ്റുവാങ്ങിയ ഇയ്യോബ് തുടങ്ങിയവരെല്ലാം മുല്ലപ്പൂക്കൾക്ക് ഉദാഹരണങ്ങൾതന്നെയാണ്.

എന്റെ ചെറുപ്പത്തിൽ, എന്താ ഈ റോസയ്ക്കും മുല്ലയ്ക്കും ഇത്ര ആത്മബന്ധമെന്ന് ചിലരൊക്കെ തമ്മിൽ പറയുന്നത് കേട്ടിട്ടുണ്ട്. ഞാനും ചിലപ്പോഴൊക്കെ (മിക്കപ്പോഴും) ആശ്ചര്യം കൂടാറുണ്ട്. ഇവരുടെ ചോദ്യത്തിൽ ഹൃദയം പുകയാറുണ്ട്. "പ്രണയശില്പമായി നിൽക്കട്ടെ നീ എൻ റോസെ, നൈർമല്യമായി നിലകൊള്ളാം ഞാനെന്നും നിൻ ചാരെ മുല്ലയായി" എന്നു കവിഭാവന വിടരുന്നു...

ക്രൂശിനോടല്ലാതെ മറ്റൊന്നിനോടും ഈ ബന്ധത്തെ തുലനം ചെയ്യാനാകില്ല. ക്രിസ്തു പാപാംശം ഏൽക്കാത്ത, ഹിമം പോലെ വെളുത്ത മുല്ലമൊട്ടായിരുന്നു. അവനെയാരാണ് (റോസ) മുള്ളുകൾ കോർത്ത കിരീടമണിയിച്ചത്? അവനിലാരാണ് ചുവന്ന ബിന്ദുക്കൾ വാരി വിതറിയത്? കടുംചുവപ്പായി തീർന്നപ്പോൾ മറ്റാരും അറിഞ്ഞില്ല അവനൊരു റോസയായ വിവരം, ശാരോനിലെ പനിനീർപുഷ്പം. ഏതു രക്താംബരത്തെയും വെളുപ്പിക്കാൻ കഴിവുള്ളവൻ. പ്രണയസങ്കല്പങ്ങളിലെ മികച്ച സിംബൽ!! ഞാനും ഈയിടെയായി റോസയുമായി പിരിയാനാകാത്ത ഒരാത്മബന്ധത്തിലാണ്. അതെ, കർത്താവേ, അങ്ങാണ് യഥാർഥ റോസയും മുല്ലയും, ഞങ്ങൾ അതിലെ പ്രതിബിംബം മാത്രം!

> **ക്രൂശിനോടല്ലാതെ മറ്റൊന്നിനോടും ഈ ബന്ധത്തെ തുലനം ചെയ്യാനാകില്ല. ക്രിസ്തു പാപാംശം ഏൽക്കാത്ത, ഹിമം പോലെ വെളുത്ത മുല്ല മൊട്ടായിരുന്നു. അവനെയാരാണ് മുള്ളുകൾ കോർത്ത കിരീടമണിയിച്ചത്? അവനിലാരാണ് ചുവന്ന ബിന്ദുക്കൾ വാരി വിതറിയത്?**

(4-ാം പേജ് തുടർച്ച)

# വാർദ്ധക്യത്തെ വസന്തമാക്കണം!

> ജീവിതത്തിലെ ഓരോ കാലഘട്ടവും പോലെ വാർദ്ധക്യവും സുന്ദരമാണ്. ഈ കാലഘട്ടംകൊണ്ട് ഇനി ഒരു അർത്ഥവുമില്ല; വാർദ്ധക്യകാലം അധികപറ്റാണ് എന്ന വയോജനങ്ങളുടെയും സമൂഹത്തിന്റെയും ധാരണകൾ മാറ്റിമറിയ്ക്കണം. വാർദ്ധക്യജീവിതം സമൂഹത്തിന് മുതൽകൂട്ടാവണം. അവരുടെ ജീവിതാനുഭവങ്ങൾ സമൂഹത്തിന് പാഠമാകണം.

കാണുക, വിവിധ കളികൾ നടത്താനുള്ള സംവിധാനങ്ങൾ, കൃഷി ചെയ്യാനുള്ള മാർഗ്ഗങ്ങൾ, ഒന്നിച്ചിരിക്കാനും, സൗഹൃദം പങ്കുവെയ്ക്കുവാനുമുള്ള ഇടങ്ങൾ എന്നിവയെല്ലാം ഇവിടെയുണ്ടാകണം. പകൽ മാത്രം കൂടിയിരുന്ന് വിരസതയകറ്റാനുള്ള വേദിയാണിവ. കൂടാതെ സമകാലീനരുമായി സംവദിക്കാനുള്ള സുന്ദരമായ സംവിധാനവും.

**പരാതികൾ കേൾക്കുക പരിഹരിക്കുക**

വയോജനങ്ങളുടെ പരാതികൾ കേൾക്കുവാനും ഉടനടി പരിഹരിക്കുവാനുള്ള സംവിധാനങ്ങൾ പഞ്ചായത്തുതലത്തിലും ഇതര സന്നദ്ധ സംഘടനാ തലങ്ങളിലും ഉണ്ടാകണം. ലീഗൽ സർവ്വീസ് അതോറിറ്റി പോലുള്ള നിയമസംവിധാനങ്ങളെ പ്രയോജനപ്പെടുത്തുവാൻ കഴിയണം. അതുവഴി സൗജന്യ നിയമസഹായങ്ങൾ നൽകുവാനും കഴിയണം.

**വയോജനക്ലബ്ബുകൾ**

രൂപീകരിക്കപ്പെട്ടിട്ടുള്ള വയോജന ക്ലബ്ബുകൾ ധാരാളമുണ്ട്. അവയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക-സാമൂഹിക-സാങ്കേതിക സഹായങ്ങൾ നൽകുവാൻ പുതിയ തലമുറയും, പഞ്ചായത്തുകളും സന്നദ്ധ സംഘടനകളും തയ്യാറാകണം. പുതിയ വയോജനക്ലബ്ബുകൾ രൂപീകരിക്കാനും അതിനെ സജീവമായി നിലനിർത്താനുമുള്ള സാഹചര്യം സൃഷ്ടിക്കാനും കഴിയണം.

**വയോജനപ്രശ്നങ്ങൾ ചർച്ചയാവണം**

പ്രാദേശിക ഭരണസംവിധാനങ്ങളുടെ കമ്മറ്റികളിൽ വയോജനങ്ങളുടെ പ്രശ്നഗങ്ങൾ ചർച്ചയായി വരണം. ഇവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി പ്രത്യേകമായി വയോജനങ്ങളുടെ ഗ്രാമസഭ വിളിച്ചുകൂട്ടണം. പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച്, അവർക്കുവേണ്ടി കർമ്മപദ്ധതികൾ രൂപീകരിക്കുകയും ദിശാവിശകലനം നടത്തുകയും ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്യണം.

നമ്മുടെ പാഠ്യപദ്ധതിയിൽ വയോജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളും അവരെ ആദരിക്കേണ്ടതിന്റെ അനിവാര്യതയും ഉൾപ്പെടുത്തേണ്ടതുണ്ട്. വൃദ്ധരെ ആദരിക്കൽ, രോഗീ സന്ദർശനം എന്നിവ സ്കൂളുകളിലെ പ്രത്യേക കർമ്മപരിപാടികളായി മാറണം.

**വയോജനസൗഹൃദ പൊതുഇടങ്ങൾ**

പൊതുഇടങ്ങൾ വയോജന സൗഹൃദമാക്കണം. ഉദാഹരണത്തിന് ആശുപത്രികളിൽ വയോജനങ്ങൾക്ക് ഇരിക്കാനും, ചികിത്സക്കും, പരിശോധനയ്ക്കും മുന്തിയ പരിഗണന നൽകാനും കഴിയണം. പൊതു ഇടങ്ങളിലെല്ലാം വയോജനങ്ങൾക്ക് കയറാനുള്ള റാമ്പ്, സുരക്ഷിതമായി ഇരിക്കാനുള്ള സജ്ജീകരണങ്ങൾ എന്നിവ ഏർപ്പെടുത്തണം. ബസ്സിൽ അവർക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ മാത്രമല്ല, മറ്റ് സീറ്റുകൾകൂടി അവർക്ക് ഒഴിഞ്ഞുകൊടുക്കാനുള്ള വിശാലത നമുക്കുണ്ടാകണം. വയോജനങ്ങളോട് ആർദ്രതയോടെയും ആദരവോടും കൂടെ പെരുമാറാനും ശീലിക്കണം.

സാമൂഹികക്ഷേമ വകുപ്പുവഴി വയോജനങ്ങൾക്കുനൽകിവരുന്ന സാമ്പത്തികവും അല്ലാത്തതുമായ സംവിധാനങ്ങളും, പ്രയോജനങ്ങളും അവർക്ക് കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കുവാനും വിലയിരുത്തുവാനും നാം ശ്രദ്ധിക്കണം. കൂടാതെ വയോജനങ്ങൾക്കുവേണ്ടി പ്രത്യേകമായ കൗൺസിലിംഗ്, ഹെൽപ്പ്ലൈൻ, വിവിധതരത്തിലുള്ള മെഡിക്കൽ ക്യാമ്പുകൾ, എന്നിവ നടത്തണം. രോഗികളായ വയോജനങ്ങളെ അവരുടെ വീടുകളിൽ പോയി കണ്ട് ആശ്വസിപ്പിക്കാനും നാം ബദ്ധശ്രദ്ധരാകേണ്ടതുണ്ട്.

ഒക്ടോബർ 1 വയോജനദിനമായി നാം ആചരിക്കാറുണ്ട്. ഇത് കേവലം ഒരു ദിനാചരണത്തിനപ്പുറം വയോജനങ്ങളെ ആദരിക്കാനും, അംഗീകരിക്കാനും, വിലമതിക്കാനുമുള്ള അവസരങ്ങളാക്കി മാറ്റണം. പുതിയ തലമുറയിലേയ്ക്ക് മുതിർന്ന തലമുറയെ ആദരിക്കേണ്ടതിന്റെ അനിവാര്യത ബോദ്ധ്യപ്പെടുത്തണം. അതിനുള്ള സുവർണ്ണാവസരങ്ങളായി ഇത്തരം ദിനാചരണങ്ങൾ മാറണം.

**വൃദ്ധജനങ്ങളോട്....**

മരണത്തെക്കുറിച്ചോർത്തുകൊണ്ടല്ല വാർദ്ധക്യം ചെലവഴിക്കേണ്ടത്. മരണം വരുന്നത് ഒരു ദിവസം മാത്രമാണ്. ജീവിക്കാൻ ഒരുപാട് ദിനങ്ങളുണ്ട്. നൂറുകണക്കിന്, ആയിരക്കണക്കിന് ദിവസങ്ങൾ ഇനിയും ജീവിച്ചുതീർക്കാനുണ്ട് എന്ന് ഓർക്കണം. അതും സന്തോഷത്തോടെ. ഇനിയുള്ള ജീവിതം ആനന്ദഭരിതമാകണം. മറ്റുള്ളവർക്ക് സ്നേഹം പകർന്നുനൽകുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, എല്ലാവരിലേയ്ക്കും തങ്ങൾക്കുകിട്ടിയ നല്ല അനുഭവങ്ങൾ പങ്കിടാനുമുള്ള നല്ല അവസരങ്ങളാക്കി വാർദ്ധക്യത്തെ മാറ്റുക. പരാതിയും, പരിഭവവും, പിണക്കങ്ങളും ഒഴിവാക്കുക. ചുറ്റുമുള്ളവർക്ക് വയോജനങ്ങളുടെ സാന്നിദ്ധ്യം ആനന്ദം പകരുന്നതാകണം. തികഞ്ഞ ചാരിതാർത്ഥ്യത്തോടെ ജീവിത സായാഹ്നത്തിലേയ്ക്ക് കടക്കുവാൻ കഴിയണം. മുഖത്തുവിടരേണ്ടത് നന്മയുടേയും, ആത്മീയതയുടേയും ഊർജ്ജമാകണം.

**വാർദ്ധക്യം സുന്ദരമാണ്**

ജീവിതത്തിലെ ഓരോ കാലഘട്ടവും പോലെ വാർദ്ധക്യവും സുന്ദരമാണ്. ഈ കാലഘട്ടംകൊണ്ട് ഇനി ഒരു അർത്ഥവുമില്ല; വാർദ്ധക്യകാലം അധികപറ്റാണ് എന്ന വയോജനങ്ങളുടെയും സമൂഹത്തിന്റെയും ധാരണകൾ മാറ്റിമറിയ്ക്കണം. വാർദ്ധക്യജീവിതം സമൂഹത്തിന് മുതൽകൂട്ടാവണം. അവരുടെ ജീവിതാനുഭവങ്ങൾ സമൂഹത്തിന് പാഠമാകണം. ഇന്നത്തെ വൃദ്ധജനങ്ങളാണ് ഇന്നലെയുടെ ചരിത്രം രചിച്ചതെന്നോർക്കണം. സമൂഹത്തെ നിർമ്മാണാത്മകമാക്കുന്നതിന് വാർദ്ധക്യത്തിനും നിർണ്ണായകമായ പങ്കുണ്ട് എന്ന് തിരിച്ചറിയണം. ശാപവും, ഭാരവുമല്ല വാർദ്ധക്യം; അത് മറ്റൊരു വസന്തകാലഘട്ടമാണ്. എല്ലാ വൃദ്ധജനങ്ങളുടെയും ശരീരം വാർദ്ധക്യ ലക്ഷണങ്ങളാൽ പൂരിതരാകാം; എന്നാൽ മനസ്സ് യൗവ്വനഭരിതമായിത്തീരണം. എല്ലാ വയോജനങ്ങളും സന്തോഷത്തോടെ, നന്മയോടെ, ഉത്സാഹത്തോടെ ശിഷ്ടജീവിതത്തിൽ മുന്നേറട്ടെ. എല്ലാ വയോജനങ്ങൾക്കും എന്റെ തൊഴുകൈ.

# ക്രിസ്തീയ യുവാക്കൾ മുഴു ലോകത്തിനും സാക്ഷികളായിത്തീരണം: പാസ്റ്റർ എൻ. സ്റ്റീഫൻ

## പെന്തെക്കോസ്ത് മിഷൻ രാജ്യാന്തര യുവജന ക്യാംപ് സമാപിച്ചു

**ചെന്നൈ:** 'സ്നേഹത്തിന്റെയും സഹനത്തിന്റെയും നായകനായ യേശുവിന്റെ മാതൃക പിന്തുടർന്ന് ക്രൈസ്തവ യുവജനങ്ങൾ മുഴു ലോകത്തിനും സാക്ഷികളായിത്തീരണമെന്ന് ചീഫ് പാസ്റ്റർ എൻ. സ്റ്റീഫൻ പറഞ്ഞു. ചെന്നൈ ഇരുമ്പല്ലിയൂർ കൺവൻഷൻ സെന്ററിൽ നാല് ദിവസമായി നടന്നുവന്ന രാജ്യാന്തര യുവജനക്യാംപിന്റെ സമാപന ദിന യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സിലോൺ, മലേഷ്യ, ഓസ്ടേലിയ, അമേരിക്ക, ദുബായ് തുടങ്ങി വിദേശരാജ്യങ്ങളിൽ നിന്നും കേരളമുൾപ്പടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ഇരുപതിനായിരത്തോളം യുവതീയുവാക്കൾ ക്യാംപിൽ പങ്കെടുത്തു. ഡപ്യൂട്ടി ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യൂ, പാസ്റ്റർമാരായ യൂനസ് മശി (മുംബൈ), എം.റ്റി. തോമസ് (അഡയാർ ), കെ. സാമുവേൽ (ഇരുമ്പല്ലിയൂർ) എന്നിവരും വിവിധ ദിവസങ്ങളിൽ പ്രസംഗിച്ചു. സ്വർഗീയ വിളി എന്നതായിരുന്നു ക്യാംപിന്റെ ചിന്താവിഷയം. വിവിധ ഭാഷയിലുള്ള ഗാന പരിശീലനം, ബൈബിൾക്വിസ്, വേദപുസ്തകത്തിൽ നിന്നുള്ള കടങ്കഥകൾ, ഗാനശുശ്രൂഷ, ഉണർവ് യോഗം, ഡിബേറ്റ് എന്നിവ നടത്തി. 293 യുവതി യുവാക്കൾ ക്യാംപിൽ സ്നാനമേറ്റു. 14 വയസ് മുതൽ 30 വയസ് വരെയുള്ള അവിവാഹിതരായ യുവതി യുവാക്കളാണ് ക്യാംപിൽ പങ്കെടുത്തത്. പെന്തെക്കോസ്ത് മിഷൻ സഭയുടെ ഏറ്റവും വലിയ യുവജന ക്യാംപാണ് ചെന്നൈയിൽ നടന്നത്.

# ക്രൈസ്റ്റ് ഫോർ ഇന്ത്യാ മൂവ്മെന്റ് റിവൈവൽ ചർച്ച് കൺവൻഷൻ

**നാഗ്പ്പൂർ:** ക്രൈസ്റ്റ് ഫോർ ഇന്ത്യ മൂവ്മെന്റ് റിവൈവൽ ചർച്ച് കൺവൻഷൻ ഡിസംബർ 13-15 വരെ നാഗ്പ്പൂർ സെന്റ് ഉർസുലാ ഹൈസ്കൂൾ അമാരിസ് ഹോളിൽ നടക്കും. പാസ്റ്റർ സിജി തോമസിന്റെ അധ്യക്ഷതയിൽ പ്രസിഡന്റ് പാസ്റ്റർ പോൾ മലയടി ഉദ്ഘാടനം ചെയ്യും. പാസ്റ്റർ സാം കുമരകം മുഖ്യപ്രസംഗകനായിരിക്കും. ദാനിയേൽ പോളിന്റെ നേതൃത്വത്തിൽ ഡോ. ബ്ലസൻ മേമന, ബ്ലമിൻ ബാബു എന്നിവരടങ്ങിയ ഗായകസംഘം ഗാനങ്ങൾ ആലപിക്കും.

# ഇന്ത്യാ ഫിലദൽഫിയ സുവിശേഷ ദൈവസഭ ജനറൽ കൺവൻഷൻ

**പയ്യപ്പാടി:** ഇന്ത്യാ ഫിലദൽഫിയ സുവിശേഷ ദൈവസഭയുടെ 34-ാമതു ജനറൽ കൺവൻഷൻ ജനുവരി 17-21 വരെ 14-ാം മൈൽ ഐപിസി സീയോൻ ഗ്രൗണ്ടിൽ നടക്കും. ദൈവസഭാപ്രസിഡന്റ് പാസ്റ്റർ ബേബി മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വർഗീസ് ഏബ്രഹാം, എബി ഏബ്രഹാം, പി.സി. ചെറിയാൻ റാന്നി, കെ.ജെ.തോമസ്, റെജി ശാസ്താംകോട്ട, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിക്കും. ഹോളി ഹാർപ്പ്സ് ചെങ്ങന്നൂർ ഗാനങ്ങൾ ആലപിക്കും.

കൺവൻഷനോടനുബന്ധിച്ച് ബൈബിൾക്ലാസ്, യൂത്ത് - സണ്ടേസ്കൂൾ - സഹോദരിസമാജവാർഷിക മീറ്റിങ്ങുകൾ, ഇവാൻജലിസം പ്രോഗ്രാം, സുവിശേഷറാലി, സ്നാനം എന്നിവ നടക്കും. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി ദൈവസഭാപ്രസിഡന്റ് ജനറൽ കൺവീനറായി പാസ്റ്റർമാരായ റെജീഷ് ജോൺ, ബാബു ജോൺ, കെ.ജെ. സണ്ണി, ജോൺസൻ ഐസക്ക് തുടങ്ങിയവർ നടത്തിയ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.






# ഒന്നായ് പാടാം യേശുവിനായ് സംഗീത മഹാസംഗമം ഏപ്രിൽ ഒന്നിന് തിരുവല്ലയിൽ

**തിരുവല്ല:** ചരിത്രങ്ങൾക്ക് വിളനിലമായ മലയാളക്കരയുടെ സാമൂഹിക പരിവർത്തനത്തിന് നിർണ്ണായക സ്വാധീനം ചെലുത്തിയ നവോത്ഥാനത്തിന്റെ ഹൃദയഭൂമിയിൽ മറ്റൊരു ചരിത്രസംഗമത്തിന് സാക്ഷിയാകുന്നു.

2018ലെ ഈസ്റ്റർ ദിനമായ ഏപ്രിൽ ഒന്നിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ ആയിരം സംഗീതജ്ഞരും ലക്ഷം ശ്രോതാക്കളുമായി മധ്യ തിരുവിതാംകൂറിന്റെ ആത്മീയ ചരിത്രത്തിന് പുത്തൻ ഏടുകൾ തീർക്കുന്നതാകും "ഒന്നായ് പാടാം യേശുവിനായ്" സംഗീതമഹാസംഗമം.

നവീകരണത്തിന്റെ സംഘടിത മുന്നേറ്റത്തിനിടെ ദൈവവചനത്തിന്റെയും സത്യസുവിശേഷത്തിന്റെയും ഉൾക്കാമ്പുകൾ ഹൃദയത്തിൽ ഏറ്റുവാങ്ങി രൂപാന്തരത്തിന്റെ സൗമ്യഭാവമായി മാറിയ ജനസമൂഹത്തിന്റെ ആരാധനയിൽ സന്തോഷത്തിന്റെ കൊണ്ടാട്ടം ഒരുക്കിയത് സംഗീതമാണ്.

ദൈവത്തിങ്കലേക്ക് മാത്രം കണ്ണുകൾ ഉയർത്തി പ്രാർത്ഥനാപൂർവ്വം മുന്നേറിയ പിതാക്കന്മാരുടെയും മാതാക്കളുടെയും കണ്ണീരും വിയർപ്പും വീണ മലങ്കരയിലെ മണ്ണിൽ ആത്മാക്കൾ രൂപം കൊണ്ടു. ഊഷരമായിരിക്കുന്ന കനൽക്കാറ്റുകൾ അവരുടെ ഹൃദയതന്ത്രികളെ തൊട്ടുണർത്തിയപ്പോൾ അടർന്ന് വീണ വരികൾ ആയിരങ്ങളുടെ ആരാധനാഗീതങ്ങളായി മാറി. നൂറ്റാണ്ട് കഴിഞ്ഞിട്ടും പുതുമ നഷ്ടപ്പെടാത്ത ആ ഗാനങ്ങളുടെ നവ്യാവിഷ്കാരമാണ് 2018 ഏപ്രിൽ ഒന്നിന് ഈസ്റ്റർ സന്ധ്യയിൽ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ അരങ്ങേറുന്നത്.

മഹാകവി കെ.വി. സൈമൺ, മധുരഗായകൻ എം.ഇ. ചെറിയാൻ, ടി.കെ. സാമുവൽ, സാധു കൊച്ചുകുഞ്ഞ് ഉപദേശി, അന്നമ്മ മാമ്മൻ, സി.എസ്. മാത്യു, ഇ.വി. വർഗീസ്, വി. നാഗൽ, ജെ.വി. പീറ്റർ തുടങ്ങിയ മൺമറഞ്ഞ ഭക്തന്മാരുടെ നാവിൽ നിന്നും അടർന്ന് വീണ വരികൾ ഇന്നും ലക്ഷങ്ങൾ ഏറ്റു പാടുമ്പോൾ അതിന്റെ അനുഭവങ്ങളിലൂടെയുള്ള പൂർവ്വകാലയാത്ര കൂടിയാകും "ഒന്നായ് പാടാം യേശുവിനായ്".

ആയിരം സംഗീതജ്ഞർ ഏപ്രിൽ ഒന്നിന് വൈകിട്ട് അഞ്ചിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ അണിനിരക്കും. അഞ്ചു ഗാനങ്ങൾ വീതമുള്ള മൂന്ന് പരമ്പരകൾക്കിടെ പ്രമുഖ സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്യ, ഗായകരായ ജോളി, ഡോ. ബ്ലെസൻ മേമന തുടങ്ങിയവരുടെ സാന്നിധ്യവും സംഗീതസന്ധ്യയ്ക്ക് മാറ്റ് കൂട്ടും. പവർവിഷൻ ചാനൽ ചെയർമാൻ റവ. ഡോ. കെ.സി. ജോൺ ലഘുസന്ദേശം നൽകും.

റവ. ഡോ. കെ.സി. ജോൺ (രക്ഷാധികാരി), എൻ.എം. രാജു (ചെയർമാൻ), റ്റി.എം. മാത്യു (ജനറൽ കൺവീനർ), ഭക്തവൽസലൻ (മ്യൂസിക് ജനറൽ കൺവീനർ), ജോജി ഐപ്പ് മാത്യൂസ് (സെക്രട്ടറി), സാം റ്റി. മുഖത്തല, ബിന്നി മാത്യു (മ്യൂസിക് കൺവീനർ), ബിനു വടശേരിക്കര (പ്രോഗ്രാം കൺവീനർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രാഥമിക പ്രവർത്തനങ്ങൾ തുടങ്ങി. വിപുലമായ ക്രമീകരണങ്ങൾക്കായി ഡിസംബർ അവസാനം ജനറൽ കമ്മിറ്റി രൂപീകരണം നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.



# ചിൽഡ്രൻസ് ഫെസ്റ്റ് തീം റിലീസ് ചെയ്തു

തിരുവല്ല: തിമഥി ഇൻസ്റ്റിട്യൂട്ട് ചിൽഡ്രൻസ് ഫെസ്റ്റിന്റെ പുതിയ തീം "THE GREAT I AM" പ്രകാശനം ചെയ്തു. പാസ്റ്റർ സി.സി. തോമസ്, പാസ്റ്റർ ജെ. ജോസഫിന് ലോഗോ നല്കിയാണ് പ്രകാശനം നിർവ്വഹിച്ചത്. യേശുവിന്റെ അതുല്യമായ അഞ്ച് ജീവിത വെളിപ്പെടുത്തലുകൾ അടങ്ങിയതാണ് തീം.

ബാലസുവിശേഷീകരണത്തിൽ 17 വർഷങ്ങൾ പൂർത്തീകരിക്കുന്ന തിമഥി ഇൻസ്റ്റിട്യൂട്ടിന്റെ 11-ാമത് സിലബസാണ് 'ദ ഗ്രേറ്റ് ഐ ആം'. കേരളത്തിൽ ആറു മേഖലകളിലായി ദ്വിദിന ട്രെയ്നിഗുകളും എല്ലാ ജില്ലകളിലും ഏകദിന ട്രെയ്നിഗുകളും 2018 ഫെബ്രുവരി മാർച്ച് മാസങ്ങളിലായി നടക്കും. ഒരേ സമയം 4 ഭാഷകളിൽ സിലബസ് പുറത്തിറങ്ങും. കേരളത്തിന് അകത്തും പുറത്തുമായി നൂറുകണക്കിന് കേന്ദ്രങ്ങളിൽ ഫെസ്റ്റുകൾ നടക്കും. മദ്ധ്യവേനൽ അവധിക്കാലത്ത് കേരളത്തിലുടനീളം ആയിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് യേശുവിനെ പകർന്നു നല്കുന്ന ശുശ്രൂഷക്കായി വിപുലമായ ക്രമീകരണങ്ങളാണ് ചെയ്തിരിക്കുന്നത്. വ്യത്യസ്തമായ പഠനരീതിയും സൂപ്പർ ഹിറ്റ് ഗാനങ്ങളും, കഥകളും, ഗെയിമുകളും, വാക്യ പഠനവും, ക്രാഫ്റ്റ് വർക്കുകളും, വർക്കു ബുക്കുകളും, മിഷനറിമാരുടെ ജീവിത അനുഭവങ്ങളും ഫെസ്റ്റിന്റെ ദിനങ്ങൾക്ക് നിറം പകരും. കൂടുതൽ വിവരങ്ങൾക്കും ചിൽഡ്രൻസ് ഫെസ്റ്റ് ബുക്കിഗിനും ബന്ധപ്പെടുക: 9656217909, 9745647909.


**ആവശ്യമുണ്ട്**

ഒരു പെന്തെക്കോസ്തു കുടുംബത്തിലെ പ്രായമായ മാതാപിതാക്കളെ വീട്ടിൽ താമസിച്ച് പരിചരിക്കുന്നതിനു വിശ്വാസിയായ സഹോദരനെ (ദമ്പതികളെയും പരിഗണിക്കും) ആവശ്യമുണ്ട്.

**ഫോൺ 9544857788**

## നിത്യതയിൽ



**ആര്യനാട്:** ഉറിയാക്കോട് അണക്കരക്കോണം തോട്ടരികത്തു വീട്ടിൽ പരേതനായ പാസ്റ്റർ ആർ. തങ്കേശന്റെ ഭാര്യ മറിയ (61) നവം. 11- നു നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം നവം. 12- നു നടന്നു. പാസ്റ്റർ ജെ.എൽ.മോസസ്സിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ എ. രാജൻ പ്രധാന ശുശ്രൂഷകൾ നിർവ്വഹിച്ചു.

മക്കൾ-സൂസന്ന, പാസ്റ്റർ റ്റി.എം. മേശക്ക് (എ.ജി. ഉണ്ടപ്പാറ-നെടുമങ്ങാട് സെക്ഷൻ), ഡേവിഡ് സാം.

മരുമക്കൾ-ലോറൻസ്, അനില, ലിജി.


### ക്രിസ്ത്യൻവേൾഡ് സ്റ്റാൾ

പ്രധാന കൺവൻഷൻ സ്ഥലങ്ങളിൽ ക്രിസ്ത്യൻവേൾഡ് സ്റ്റാൾ പ്രവർത്തിക്കുന്നതാണ്. വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരായി ചേരുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ഓർപ്പിക്കുന്നു.




# എക്സൽ വിബിഎസ് തീം പ്രകാശനം ചെയ്തു

**തെക്കേമല:** എക്സൽ വിബിഎസ് 2018ലെ തീം പ്രകാശനം ചെയ്തു. നവംബർ 11 ശനിയാഴ്ച്ച 4 മണിക്ക് തെക്കേമലയിൽ എക്സൽ മിനിസ്ട്രീസിന്റെ ഡയറക്ടർ പാസ്റ്റർ അനിൽ ഇലന്തൂരിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ എക്സികൂട്ടിവ് കമ്മിറ്റി അംഗം പാസ്റ്റർ തോമസ് എം. പുളിവേലിൽ പ്രകാശനം നിർവ്വഹിച്ചു. കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ഒരേ സമയം കാണത്തക്ക രീതിയിൽ ഓൺലൈനായിട്ടായിരുന്നു പ്രകാശനം നടന്നത്. അനേകം കുഞ്ഞുങ്ങളെ സാത്താന്യ അന്ധകാരത്തിൽ നിന്നും ക്രിസ്തുവിന്റെ വെളിച്ചത്തിലേക്ക് നയിക്കാൻ ഈ വർഷം 'സെയ്ഫ് സോൺ' എന്ന തീമിലൂടെ എക്സലിന് കഴിയട്ടെ എന്ന് പ്രകാശനം നിർവ്വഹിച്ചുകൊണ്ട് പാ. തോമസ് എം. പുളിവേലി ആശംസിച്ചു. എക്സൽ വിബിഎസ് കോർഡിനേറ്റർ ബ്രദർ സ്റ്റാൻലി റാന്നി സ്വാഗതം പറഞ്ഞു. പാ. ബിനു ജോസഫ് വടശ്ശേരിക്കര, റവ. തമ്പി മാത്യു എന്നിവർ ഓൺലൈനായി ആശംസകൾ അറിയിച്ചു.

## സുവിശേഷറാലിയും ലഹരിവിരുദ്ധ സന്ദേശവും

**കോട്ടയം:** കൊച്ചുമറ്റം ചർച്ച് ഓഫ് ഗോഡിന്റെയും ഷാലേം മിനിസ്ട്രീസിന്റെയും ചുമതലയിൽ ഡിസംബർ 4-30 വരെ കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സുവിശേഷറാലിയും ലഹരിവിരുദ്ധസന്ദേശ പരിപാടിയും നടക്കുന്നു. പുതുപ്പള്ളി കവലയിൽ നിന്നാരംഭിക്കുന്ന റാലി പാസ്റ്റർ ഏബ്രഹാം മാത്യു ഉദ്ഘാടനം ചെയ്യും. ഷാലേം വോയ്സ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ ഷാജി റ്റി.സാം നേതൃത്വം നൽകും. വിവരങ്ങൾക്ക് 9947385633 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## സ്നാനം

**എരുത്തുപുഴ:** ഐപിസി മുണ്ടക്കയം സെന്ററിൽപ്പെട്ട എരുത്തുപുഴ സഭയിൽ നവംബർ അഞ്ചിനു മൂന്നു പേർ സ്നാനമേറ്റു.

## കോട്ടവാതിലുകളുടെ അവശിഷ്ടം

(1-ാം പേജ് തുടർച്ച)

ടുന്നു. കോട്ടയോടു ചേർന്ന് ഇവിടെ യാഗപീഠം ഉണ്ടായിരുന്നതിന്റെ തെളിവും കിട്ടിയിട്ടുണ്ട്.

ബൈബിളിലും ഇത് വ്യക്തമാണ്, "ദാവീദ്ഗൃഹത്തിനു യോശീയാവ് എന്നുള്ള ഒരു മകൻ ജനിക്കുമെന്നും അവനു നിന്റെമേൽ ധൂപം കാട്ടുന്ന പൂജാഗിരിപുരോഹിതന്മാരെ നിന്റെമേൽ വെച്ച് അറുക്കുകയും മനുഷ്യാസ്ഥികളെ നിന്റെ മേൽ വച്ച് ചുട്ടുകളയുകയും ചെയ്യും എന്നു വിളിച്ചു പറഞ്ഞു. അവൻ അന്ന് ഒരു അടയാളവും കൊടുത്തു. ഇതാ ഈ യാഗപീഠം പിളർന്ന് അതിന്മേലുള്ള ചാരം തൂകിപ്പോകും. ഇതു യഹോവ കല്പിച്ച അടയാളം എന്നു പറഞ്ഞു." (1 രാജാ. 13: 2,3).

ബൈബിളിൽ പ്രസ്താവിച്ചിരിക്കുന്ന ഈ സംഭവം തന്നെ ഇതിനു വ്യക്തമായ തെളിവു നൽകുന്നതായി എറിക്സൺ പറയുന്നു. ശലോമോന്റെ കാലഘട്ടത്തിനു ശേഷം ഈ പ്രദേശം യഹൂദഭൂരിപക്ഷപ്രദേശമായിത്തീർന്നു. ശലോമോന് നിരവധി കൊട്ടക്കൊത്തളങ്ങൾ പണിത കൂട്ടത്തിൽ താമറിൽ തന്റെ സ്വാധീനമേഖലയായി വളർത്തി നഗരങ്ങൾ സ്ഥാപിച്ചതായി പഠനത്തിൽ പങ്കാളിയായ വേദപഠനവിദ്യാർഥി പോൾ ലോഗ്രോയും അഭിപ്രായപ്പെടുന്നു. ഗവേഷണം നടത്തുന്ന ഈ സ്ഥലം ഗവണ്മെന്റിന്റെ പ്രത്യേകസംരക്ഷണയിലാണ്.


VISITING VISA

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.

GLOBAL CARE

Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281









## കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

# പരസ്യമില്ലാത്ത പരസ്യയോഗം

**ചൊ**വ്വായും വെള്ളിയും നെടുംകുന്നം ചന്തയാണ്. നെടുംകുന്നം ചന്ത എന്നു പറഞ്ഞാൽ അതിന്റെ ഭംഗി പോരാ, 'കാവുന്നടച്ചന്ത' എന്നു തന്നെ പറയണം. സമീപപ്രദേശത്തുനിന്നും എല്ലാവരും അന്നേദിവസം ഒത്തുകൂടുന്ന സ്ഥലമാണ്... നാലരപ്പതിറ്റാണ്ട് മുമ്പുള്ള ഓർമകൾ എന്നും ഗൃഹാതുരത്വം ഉണർത്തുന്നു. ഗ്രാമീണഭംഗിയും സ്നേഹസമ്പന്നരായ നാട്ടുകാരും!! എല്ലാ ചന്തദിവസങ്ങളിലും രണ്ട് ഉപദേശിമാർ രണ്ട് സ്ഥലത്തുനിന്നു സുവിശേഷപ്രസംഗം നടത്തുന്നത് സ്ഥിരംകാഴ്ചയാണ്. തെരുവുപ്രസംഗകർ, ചന്തപ്രസംഗകർ എന്നൊക്കെ പറയാവുന്ന പരസ്യയോഗം നടത്തുന്നു. ഒറ്റയാന്മാർ! പാട്ടും പ്രസംഗവുമൊക്കെ ഒറ്റയ്ക്കു തന്നെ - ഒരു 'ചട്ടൻകുട്ടൻ ഉപദേശിയും', 'പാപ്പി ഉപദേശിയും'! കേൾവിക്കാരൊന്നും അവിടെ കൂടിനിന്ന് പ്രസംഗം കേൾക്കാറേയില്ല. അവർക്ക് അതൊരു വിഷയവുമല്ല. സത്യസുവിശേഷം വിളിച്ചുപറയും. ഇന്നിവിടെ, നാളെ അവിടെ, മറ്റന്നാൾ മറ്റെവിടെയോ... നഗ്നപാദരായി നടന്ന് സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കുന്ന കർഷകരാണവർ.

നിന്ദ, പരിഹാസം, കഷ്ടപ്പാടുകൾ, ഒറ്റപ്പെടുത്തലുകൾ, അവഗണനകൾ ഏറെ സഹിച്ചവരാണവർ. പത്ത് ആലുകൂടുന്ന സ്ഥലമാണ് അവരുടെ ലക്ഷ്യം. മറ്റുചില കവലപ്രസംഗകരെയും കണ്ടിട്ടുണ്ട്. ജനശ്രദ്ധ ആകർഷിക്കുവാനും ആളെക്കൂട്ടുവാനും 'സൈക്കിൾ യജ്ഞം' നടത്തുന്ന ഉപദേശിയും, കായികാഭ്യാസിയായ 'തലകുത്തി' നിന്നും കൊച്ചുകൊച്ചു പ്രകടനങ്ങൾ നടത്തിയും ജനത്തെക്കൂട്ടി സുവിശേഷം പങ്കുവെയ്ക്കുന്നവരും ശ്രവണസുന്ദരമായ ഗാനങ്ങൾ ആലപിച്ചും നാടകഗാനത്തിന്റെ ഈണത്തിലുള്ള ക്രിസ്തീയഗാനങ്ങൾ ചിട്ടപ്പെടുത്തി ആലപിച്ചും സുവിശേഷം പ്രസംഗിക്കുന്ന നഗ്നപാദരായി ഇന്നിവിടെ, നാളെ എവിടെയോ പോയി പരസ്യയോഗം നടത്തുന്ന 'ഉപദേശിമാർ' ഓർമയുടെ അകലങ്ങളിൽ ഇന്നും ജീവിക്കുന്നു.

ഒരു സഭയുടെയോ സംഘടനയുടെയോ പിന്ബലം അവർക്കില്ലായിരുന്നു, സ്ഥിരമായി ഒരു വരുമാനവുമില്ല, ആരെങ്കിലും എന്തെങ്കിലും കൊടുത്താൽ വാങ്ങും. വഴിയോരത്തെ പൈപ്പിൽ നിന്നും വയറുനിറയെ വെള്ളം കുടിക്കും. നിങ്ങൾ ഏതു സഭയിലാ എന്നു ചോദിച്ചാൽ പറയാൻ ഒരു സഭയുടെ പേരുപോലുമില്ലാത്തവരും ഉണ്ട്. ആരുടെയും അംഗീകരവും പ്രശംസയും അവർ പ്രസീക്ഷിക്കുന്നില്ല. പണം ഉണ്ടാക്കാനുള്ള ഒരു മാർഗമായി അവർ പരസ്യയോഗത്തെ കണ്ടിരുന്നില്ല. അത് അവർക്ക് അറിഞ്ഞുകൂടാ...

കാലം മാറി,
കഥ മാറി,
ടെക്നോളജി മാറി...
ഇന്നും പര്യയോഗം തകൃതിയായി നടക്കുന്നു.
അവർ ഈ കാലഘട്ടത്തിലായിരുന്നു ജീവിച്ചിരുന്നതെങ്കിൽ!
മൊബൈൽഫോൺ ഉപയോഗിക്കില്ലായിരുന്നു...
ഫെയ്സ്ബുക്കിൽ അക്കൗണ്ട് തുറക്കില്ലായിരുന്നു...
സെൽഫി എടുക്കില്ലായിരുന്നു...
ലൈവ് ടെലിക്കാസ്റ്റ് ചെയ്യില്ലായിരുന്നു...
ആളെക്കൂട്ടി വാഹനജാഥ നടത്തില്ലായിരുന്നു...
സ്പോൺസറെ കണ്ടെത്തില്ലായിരുന്നു...
പണപ്പിരിവ് നടത്തില്ലായിരുന്നു...
കാലത്തിനൊത്ത് കോലം തുള്ളില്ലായിരുന്നു...
ടെക്നോളജിയുടെ സാധ്യതയെ ഉപയോഗിക്കില്ലായിരുന്നു...

ഹൃദയത്തിൽ സുവിശേഷത്തിന്റെ അഗ്നി കത്തിക്കയറിയവരായി ജനത്തിന്റെ മാനസാന്തരം മാത്രമായിരുന്നു അവരുടെ ലക്ഷ്യം, മാനസാന്തരം മാത്രം!!

# ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ

**പായിപ്പാട്:** ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ 2018 ഫെബ്രുവരി 15-18 വരെ പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരി ബോയിസ് ഹോസ്റ്റൽ ഗ്രൗണ്ടിൽ നടക്കും. സഭാപ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും.

ഡോ. അലക്സാണ്ടർ ഫിലിപ്പ്, ഡോ. ജയ്സൺ തോമസ്, പാസ്റ്റർ വി. സി. യോഹന്നാൻ, പാസ്റ്റർമാരായ അജി ആന്റണി, എൻ. സി. ജോസഫ്, വർഗീസ് ഏബ്രഹാം, പി.സി. ചെറിയാൻ, തോമസ് മാത്യു, ഇവാ. റെജി കെ. തോമസ്, ഡോ. ജെയിംസ് ജോർജ്, ഡോ. ജെസി ജെയ്സൻ എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും.

മല്ലപ്പള്ളി പ്രെയ്സ് വോയ്സും ന്യൂ ഇന്ത്യാ ബൈബിൾചർച്ച് ഗായകസംഘവും ഗാനങ്ങളാലപിക്കും. ബൈബിൾ ക്ലാസ്, പവർ മീറ്റിംഗ്, പാസ്റ്റേഴ്സ് കോൺഫ്രൻസ്, വനിതാസമ്മേളനം, സണ്ടേസ്കൂൾ യുവജന സമ്മേളനം, സ്നാനം എന്നിവ കൺവൻഷനോടനുബന്ധിച്ചു നടക്കും. ഞായറാഴ്ച സംയുക്ത ആരാധനയോടെ കൺവൻഷൻ സമാപിക്കും. കൺവൻഷന്റെ നടത്തിപ്പിനായി വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

CHRISTIAN WORLD

Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2015-2017
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില രൂ. 10/ Vol: 12 Issue No: 12 2017 December 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ

# വാർഷിക കൺവൻഷൻ

**ഫ്ളോറിഡ:** ഐപിസി സൗത്ത് ഫ്ളോറിഡ സഭയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 8,9 തിയതികളിൽ വാർഷിക കൺവൻഷൻ സൗത്ത് ഫ്ളോറിഡയിലെ സൺറൈസിൽ നടക്കും. ഡോ. സാബു വർഗീസ് മുഖ്യ പ്രസംഗകനായിരിക്കും. പാസ്റ്റർമാരായ കെ.സി. ജോൺ ഫ്ലോറിഡ, ജോൺ തോമസ് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നല്കും. 9ന് രാവിലെ 10 മുതൽ 12 വരെ സെമിനാർ നടക്കും. സഭാ സെക്രട്ടറി ബ്രദർ ജയിംസ് മുളവന, ട്രഷറർ ബ്രദർ ജെസി ജേക്കബ് എന്നിവർ നേതൃത്വം നല്കും.

# 6,7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറുന്നു

**കുമ്പനാട്:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ സൺഡേസ്കൂൾസ് അസോസിയേഷൻ ആറ്, ഏഴ് ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഈ അധ്യയനവർഷം മാറും. പുതിയ പുസ്തകങ്ങൾ ജനുവരി രണ്ടാം വാരം പുറത്തിറങ്ങും. 2018ലെ കുമ്പനാട് കൺവൻഷനിൽ 6,7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ലഭ്യമാക്കും. അഞ്ചു വരെയുള്ള ക്ലാസ്സുകളിലേത് പോലെ ഇംഗ്ലീഷ്-മലയാളം ദ്വിഭാഷ പുസ്തകങ്ങളാണ് പുതിയവ.

സിലബസ്, വിവർത്തനം, പ്രസിദ്ധീകരണം തുടങ്ങിയ ക്രമീകരണങ്ങൾക്ക് ഡയറക്ടർ കുര്യൻ ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ പാസ്റ്റർ ജയിംസ് ഏബ്രഹാം, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, അസോസിയേറ്റ് സെക്രട്ടറി ജോജി ഐപ്പ് മാത്യൂസ്, ട്രഷറർ അജി കല്ലുങ്കൽ എന്നിവർ നേതൃത്വം നൽകുന്നു.

# “ഒന്നായ് പാടാം യേശുവിനായ്” ശബ്ദപരിശോധന

**തിരുവല്ല:** 2018 ഏപ്രിൽ ഒന്നിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കുന്ന “ഒന്നായ് പാടാം യേശുവിനായ്” സംഗീത മഹാസംഗമത്തിലേക്കുള്ള ഗായകരെ തിരഞ്ഞെടുക്കുന്നതിനുള്ള ശബ്ദപരിശോധന കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലായി ജനുവരി 30ന് മുൻപ് നടക്കും. സംഗീതത്തോട് താൽപര്യമുള്ള യുവതീയുവാക്കളും വിദ്യാർത്ഥികളും സഭാപാസ്റ്ററുടെയും രക്ഷിതാക്കളുടെയും ശുപാർശയോടെ പൂരിപ്പിച്ച ഫോമുകൾ ഡിസംബർ 30ന് മുൻപ് തിരികെ നൽകണം. ഫോമുകൾ ആവശ്യമുള്ളവർ onnai padam yeshuvinayi എന്ന ഫേസ്ബുക്ക് പേജിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഫോൺ: 07829344049, 9446392303, 9495834994, 9496325855.

തിരുവല്ല, കോട്ടയം, റാന്നി, കോഴഞ്ചേരി, പത്തനംതിട്ട, മാവേലിക്കര, ചെങ്ങന്നൂർ, ആലപ്പുഴ, കൊട്ടാരക്കര, പന്തളം, അടൂർ, പത്തനാപുരം, കൊല്ലം, തിരുവനന്തപുരം, കൊച്ചി തുടങ്ങിയ സ്ഥലങ്ങളിൽ ശബ്ദപരിശോധനകൾ നടക്കും. അതത് സ്ഥലങ്ങളിലെ മ്യൂസിക് ലീഡേഴ്സിന്റെ ചുമതലയിലാകും തിരഞ്ഞെടുപ്പ് നടക്കുന്നത്. നൂറുപേര് വീതമുള്ള സംഘമാകും പ്രാദേശികതലത്തിൽ ആദ്യഘട്ടപരിശീലനം നടത്തുന്നതെന്ന് ചെയർമാൻ എൻ.എം. രാജു, മ്യൂസിക് കൺവീനർ ഭക്തവൽസലൻ എന്നിവർ അറിയിച്ചു.

# ജനറൽ കൺവൻഷൻ

**നിലമ്പൂർ:** മലബാർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അഗപ്പെ ഗോസ്പൽ മിഷന്റെ 23-ാമതു ജനറൽ കൺവൻഷൻ ജനുവരി 24-28 വരെ നിലമ്പൂർ അഗപ്പെ ഹിൽസിൽ നടക്കും. മിഷൻ പ്രസിഡന്റ് പാസ്റ്റർ പി.എം. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ അജി ഐസക്ക്, അനിൽ കൊടിത്തോട്ടം, കെ.ജെ. തോമസ് കുമളി, പി. ജെ. ചാക്കോ കുമളി, ജോയ് പാറയ്ക്കൽ, ജോസഫ് ഇടക്കാട്ടിൽ തുടങ്ങിയവർ പ്രസംഗിക്കും.

christian world

## റിപ്പോർട്ടർമാരെ ആവശ്യമുണ്ട്

ക്രിസ്ത്യൻ വേൾഡ് മാസികയ്ക്ക് കേരളത്തിലെ എല്ലാ ജില്ലയിലേക്കും റിപ്പോർട്ടർമാരെ ആവശ്യമുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ സഹിതം താഴെപ്പറയുന്ന ഇമെയിലിൽ ബന്ധപ്പെടുക.

christianworldpathram@gmail.com

# നമ്മളെല്ലാവരും ദൈവത്തിൽ നിന്നുള്ളവരാണ്: ട്രംപ്

**വാഷിങ്ടൺ:** ‘അമേരിക്കൻ പ്രസിഡന്റായ ശേഷം അമേരിക്കയോടും ലോകത്തോടും ഒപ്പം മഹാനായ ക്രിസ്തുവിന്റെ ജനനം ആഘോഷിക്കുവാൻ സാധിച്ചത് എന്റെ മഹത്തായ ബഹുമതിയാണ്,’ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വൈറ്റ് ഹൗസിൽ ക്രിസ്മസ് ട്രീലാംമ്പ് തെളിച്ചുകൊണ്ട് പറഞ്ഞു.

1923-ൽ പ്രസിഡന്റ് കാൽവിൻ കൂലിഡ്ജ് ആരംഭിച്ച പാരമ്പര്യമാണിത്. ‘ഞങ്ങളുടെ രാജ്യത്തിന്റെ ആദ്യകാലം മുതൽ ദൈവത്തിനു നന്ദി അർപ്പിക്കാനും സൽമനസോടും സമാധാനത്തോടും ഹൃദയത്തിന്റെ പുതുക്കലിനുമായി ക്രിസ്തുമസ് ദിനങ്ങൾ മാറ്റിവെയ്ക്കുന്നു. കൂടാതെ, പ്രാർഥനയ്ക്കും ആരാധനയ്ക്കും വേണ്ടി അമേരിക്കക്കാർ ഈ സമയം വേർതിരിക്കുന്നു’ പ്രസിഡന്റ് ട്രംപ് പറഞ്ഞു.

വ്യാഴാഴ്ചത്തെ ആഘോഷത്തിൽ നിരവധി പാട്ടുകൾ, നൃത്തം തുടങ്ങിയവ ഉണ്ടായിരുന്നു. എന്നാൽ, ഈ സീസണിലെ യഥാർത്ഥ കാരണം യേശു ആണെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

‘ക്രിസ്ത്യാനികൾക്ക് ഇത് ഒരു വിശുദ്ധ സീസണാണ്, നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ ജനനത്തിലുള്ള ആഘോഷമാണ്,’ അദ്ദേഹം പറഞ്ഞു.

2,000 വർഷം മുൻപുള്ളതാണ് ക്രിസ്മസ്കഥ. ഏറ്റവും അസാധാരണമായ, മനുഷ്യവർഗത്തിനായുള്ള ദൈവസ്നേഹത്തിന്റെ ദാനമാണ് യേശു, അദ്ദേഹം തുടർന്നു. ‘നമ്മുടെ വിശ്വാസം എന്തുതന്നെയായിരുന്നാലും, യേശുക്രിസ്തുവിന്റെ ജനനവും അവിശ്വസനീയമായ ജീവിതകഥയും മനുഷ്യചരിത്രത്തിന്റെ ഗതിയെ മാറ്റിമറിച്ചു, അത് നമ്മുടെ ജീവിതത്തെ സ്പർശിച്ചിട്ടില്ല എന്നതാണ് നമ്മുടെ ജീവിതത്തിന്റെ ഒരു പ്രത്യേകത.



*നാഷണൽ ക്രിസ്തമസ് ട്രീ ലൈറ്റ്നിംഗിൽ ട്രംപും ഭാര്യയും.*

ക്രിസ്തുമസ്സ് സമ്മാനങ്ങൾക്കല്ല പ്രസക്തി, മറിച്ച് ഞങ്ങളുടെ അതുല്യമായ ആഘോഷം ക്രിസ്തു ലോകത്തിൽ ജനിച്ചുവെന്നതിനാണെന്ന് അദ്ദേഹം വിശദീകരിച്ചു.

‘ക്രിസ്മസ് വേളയിൽ ഓരോ വർഷവും നമ്മുടെ ആഘോഷത്തിനു കാരണം, നമ്മളെല്ലാവരും ദൈവത്തിൽ നിന്നുള്ളവരാണെന്നതാണ്. ഇതാണു ഈ വർഷത്തെ സന്തോഷത്തിന്റെ യഥാർത്ഥസ്രോതസ്സ്, ‘പ്രസിഡന്റ് ട്രംപ് പറഞ്ഞു. ‘ഇതാണ് ഇന്നത്തെ സുന്ദരമായ ആഘോഷവേളയിൽ നാം ഓർമ്മിക്കുന്നത്, പരസ്പരം സ്നേഹിക്കാനും, കരുതാനും, നമ്മുടെ ഹൃദയങ്ങളിലും ലോകത്തിലുടനീളവും സമാധാനം പിന്തുടരാനും വിളിക്കപ്പെട്ടിരിക്കുന്നു.’

പ്രസിഡന്റ് ട്രംപും തന്റെ അനുഗ്രഹത്തിനായി ദൈവത്തോട് അപേക്ഷിച്ചു. ‘ഈ ക്രിസ്മസ് നമ്മുടെ കുടുംബത്തിനും നമ്മുടെ രാജ്യത്തിനും വേണ്ടി ദൈവത്തിന്റെ അനുഗ്രഹത്തിനായി അപേക്ഷിക്കുന്നു.’ അദ്ദേഹം പറഞ്ഞു.

# കുട്ടികളെ രക്ഷിക്കാൻ

(3-ാം പേജ് തുടർച്ച)

ട്ടർ ടെക്നോളജിയിൽ സ്മാർട്ട് ആണെങ്കിലും നിങ്ങളുടെ അത്ര ജീവിത പരിചയമോ പക്വതയോ ഇല്ല എന്നു മനസ്സിലാക്കണം. ബ്ലൂവെയിൽ ഗെയിമായാലും, സോഷ്യൽ മീഡിയയിലൂടെ അപരിചിതരുമായുള്ള പ്രേമബന്ധമായാലും അവർക്ക് കുട്ടിക്കളി മാത്രമാണ്. സംഗതിയുടെ ഗൗരവം മനസ്സിലാക്കാനുള്ള പക്വത അവർക്കില്ല. ഇക്കാര്യം മനസ്സിൽ വച്ചുകൊണ്ടു വേണം മാതാപിതാക്കൾ കുട്ടികളുടെ ഓൺലൈൻ ഇടപാടുകളെ കൈകാര്യം ചെയ്യാൻ.

ഒരു കാരണവശാലും ഓൺലൈനിൽ ബന്ധങ്ങൾ സ്ഥാപിക്കാനോ, അത്തരം അപരിചിതരുമായി നേരിട്ട് കൂടിക്കാഴ്ച നടത്താനോ കുട്ടികളെ അനുവദിക്കരുത്. അവരുടെ സോഷ്യൽ മീഡിയ ഫ്രണ്ട്സ് ആരൊക്കെ, സോഷ്യൽ മീഡിയയിൽ എന്തൊക്കെ പോസ്റ്റ് ചെയ്യുന്നു, ഏതെല്ലാം സൈറ്റുകളിൽ പോകുന്നു, എന്തെല്ലാം ഇടപാടുകൾ ചെയ്യുന്നു എന്നിങ്ങനെ എല്ലാം അറിയാൻ ശ്രമിക്കണം. കുട്ടികൾ നിങ്ങളിൽ നിന്ന് എന്തെങ്കിലും ഒളിക്കാൻ ശ്രമിക്കുന്നുവെങ്കിൽ തീർച്ചയായും അപകടം മണക്കണം.

# ഐപിസിയിലെ മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും സമ്മേളനം ഡിസം. 8 ന്

**കോട്ടയം:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും സംഗമം ഡിസംബർ 8 ന് വെള്ളിയാഴ്ച രാവിലെ 10ന് ഐ.പി.സി കോട്ടയം സീയോൻ ടാബർനാക്കിൾ ഹാളിൽ നടക്കും.

ഐ.പി.സി.സംസ്ഥാന കൺവൻഷനോടനുബന്ധിച്ചുള്ള പ്രോഗ്രാമിന്റെ ഭാഗമായാണ് എഴുത്തുകാരും മാധ്യമ പ്രവർത്തകരും ഒത്തുക കൂടുന്നത്.

പ്രമുഖ എഴുത്തുകാരും മാധ്യമ പ്രവർത്തകരുമായ പാസ്റ്റർ കെ.സി. ജോൺ, സി.വി. മാത്യു, സാജു മാത്യു, പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ, അച്ചൻ കുഞ്ഞ് ഇലന്തൂർ, ജോൺസൺ മാത്യു മാങ്ങാനം, ടി.എം. മാത്യു, പാസ്റ്റർ രാജു ആനിക്കാട്, ഫിന്നി പി. മാത്യു തുടങ്ങി ഒട്ടേറെ പേർ പങ്കെടുക്കും.

ഐപിസി നേതൃനിരയിലുള്ള പാസ്റ്റർമാരായ കെ.സി. തോമസ്, രാജു പൂവക്കാല, ഷിബു നെടുവേലിൽ, സി.സി. ഏബ്രഹാം, ബ്രദർ ജോയി താനവേലിൽ, സജി പോൾ തുടങ്ങിയവരും പങ്കെടുക്കും.

എഴുത്തുമേഖലയിൽ സജീവമായുള്ളവരും, വിവിധ പ്രസിദ്ധീകരണങ്ങളിലെ ചീഫ് എഡിറ്റർമാർ, എഡിറ്റർമാർ, ലേഖകരും ഓൺലൈൻ ന്യൂസ് പ്രവർത്തകരും പങ്കെടുക്കും.

ഈ കൂട്ടായ്മയിൽ ഐ.പി.സി ക്കാരായ എല്ലാ എഴുത്തുകാരും മാധ്യമ പ്രവർത്തകരും പങ്കെടുക്കണമെന്ന് സംസ്ഥാന കൺവൻഷൻ മീഡിയാ ചെയർമാൻ സജി മത്തായി കാതേട്ട് (944 73 72 726) വൈസ് ചെയർമാൻ ബ്രദർ വെസ്ലി പി.എബ്രഹാം (934 93 89 473) എന്നിവർ അറിയിച്ചു.

## സ്റ്റേറ്റ് താലന്തുപരിശോധന

**കുമ്പനാട്:** ഐസിസി സണ്ടേസ്കൂൾസ് അസോസിയേഷൻ സ്റ്റേറ്റ് താലന്തുപരിശോധന ഡിസംബർ 30 കുമ്പനാട്ട് നടക്കും. വിരുതു പരീക്ഷ ഡിസംബർ 25നു സോണൽതലത്തിൽ നടക്കുന്നതാണ്.

Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode